# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P9/80/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 30/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P9/80/22 തീയ്യതി: 30/06/2022

## കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 03-01-2022 | 11-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-01-2022 | 11-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ പി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി. പത്മകുമാരി എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് വി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജൻ.വി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റജിന എ എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നജീം മുഹമ്മദ്.എച്ച് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.എം.വിജയൻ | സെക്രട്ടറി | 01-04-2019 | 09-06-2019 |
| ശ്രീ. ജി ശ്രീകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2019 | 23-06-2019 |

| | | | |
|---|---|---|---|
| ശ്രീ. എം. വിജയൻ | സെക്രട്ടറി | 24-06-2019 | 15-07-2019 |
| ശ്രീ. എം. എസ്. സുരേഷ് ബാബു | സെക്രട്ടറി | 15-07-2019 | 08-11-2019 |
| ശ്രീമതി. ജലീസ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-11-2019 | 09-12-2019 |
| ശ്രീമതി. താഹി റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-12-2019 | 11-12-2019 |
| ശ്രീ. എം. എസ്. സുരേഷ് ബാബു | സെക്രട്ടറി | 11-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.കെ.ജലീസ | അസി.സെക്രട്ടറി | 01-04-2019 | 09-12-2019 |
| ശ്രീമതി. താഹി റ്റി | അസി.സെക്രട്ടറി | 10-12-2019 | 31-03-2020 |
| ശ്രീമതി.രശ്മി.പി.നായർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലത.വി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 01-06-2019 |
| ശ്രീമതി.അമ്പിളി ജി | ഹെഡ്മിസ്ട്രസ് | 01-06-2019 | 04-11-2019 |
| ശ്രീമതി.ജലജ എസ് എച്ച് | ഹെഡ്മിസ്ട്രസ് | 05-11-2019 | 31-03-2020 |
| ഡോ.മുഹമ്മദ് ഷഫീക്ക് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.കെ.എസ്.ഷിബു | വെറ്റിനറി സർജൻ | 01-04-2019 | 22-09-2019 |
| ഡോ.ദീപ്തി എസ് | വെറ്റിനറി സർജൻ | 23-09-2019 | 31-03-2020 |
| ഡോ. സുമയ്യ എൻ മീര | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.സന്ധ്യ.ഒ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഹരികൃഷ്ണൻ | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2019 | 30-06-2019 |
| ഡോ.വിശാൽ വിൻസന്റ് | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-07-2019 | 31-03-2020 |
| ശ്രീ.പ്രഭുൽ ഡി | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2019 | 18-07-2019 |
| ശ്രീ. ബാബു സാമുവൽ | ഡയറി ഫാം ഇൻസ്പെക്ടർ | 19-07-2019 | 27-12-2019 |
| ശ്രീ. സുരേഷ് എൻ | ഡയറി ഫാം ഇൻസ്പെക്ടർ | 27-12-2019 | 31-03-2020 |
| ശ്രീമതി.സരള .പി.ബി | അഗ്രികൾച്ചർ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.എസ്.സുരേഷ് കുമാർ | വി.ഇ.ഒ. | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Padmakumari L (Asst. Audit Officer, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 07-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Padmakumari L (Asst. Audit Officer, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 07-06-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധന<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 07-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 08-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 08-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ മരണ തീയതിക്ക ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 3,57,400/-രൂപ തിരികെ ഈടാക്കേണ്ടതാണ്-<br>Written By: Aneesh V.S (Senior Grade Auditor, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-7-1 |
| 10 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 08-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Pradeep Kumar P (Audit Officer (HG), On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Pradeep Kumar P (Audit Officer (HG), On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 08-06-2022) | 1-10 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Rajina A.S (Auditor, On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-11 |
| 14 | ലേല തുക, ജി എസ് ടി എന്നിവ ഒടുക്കവരുത്തിയിട്ടില്ല<br>Written By: Rajina A.S (Auditor, On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-12 |
| 15 | വാണിജ്യ കെട്ടിടങ്ങൾക്ക് പാർപ്പിടഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുകയും നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുപയോഗിക്കുകയും ചെയ്തു.<br>Written By: Rajina A.S (Auditor, On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-13 |
| 16 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണയിച്ചിട്ടില്ല<br>Written By: Rajina A.S (Auditor, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-14 |
| 17 | കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം) അനുവദനീയമായതിലും അധികം വ്യാപ്തി | 1-15 |

| | | |
|---|---|---|
| | (കവറേജ്) ഉണ്ടായിരുന്നിട്ടും നിയമാനുസൃത കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്നു.<br>Written By: Rajina A.S (Auditor, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | |
| 18 | ഭവനപുനരുദ്ധാരണം- പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു<br>Written By: Rajan.V.D (Senior Grade Auditor, On 10-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-16 |
| 19 | ആദ്യഗഡു കൈപ്പറ്റിയശേഷം ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല- പദ്ധതിലക്ഷ്യം കൈവരിച്ചില്ല<br>Written By: Rajan.V.D (Senior Grade Auditor, On 10-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-17 |
| 20 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Rajan.V.D (Senior Grade Auditor, On 10-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-18 |
| 21 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധികമായി 54,090/-രൂപ നല്കി.<br>Written By: Aneesh V.S (Senior Grade Auditor, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-19 |
| 22 | ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Pradeep Kumar P (Audit Officer (HG), On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 14-06-2022) | 1-20 |
| 23 | മരാമത്ത് പ്രവൃത്തി-രേഖകളുടെ അഭാവത്തിൽ 49,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Pradeep Kumar P (Audit Officer (HG), On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 14-06-2022) | 1-21 |
| 24 | ഷോപ്പിങ് കോംപ്ലക്സ് നിർമാണം- പൂർത്തീകരണം വൈകുന്നു<br>Written By: Pradeep Kumar P (Audit Officer (HG), On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-22 |
| 25 | 5,622/- രൂപ സബ്സിഡി വിതരണം ചെയ്തത് ഗുണഭോക്താവിന് ലഭിച്ചിട്ടില്ല<br>Written By: Aneesh V.S (Senior Grade Auditor, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-23 |
| 26 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല<br>Written By: Pradeep Kumar P (Audit Officer (HG), On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-24 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ്. ആയി കുറവ് ചെയ്തില്ല<br>Written By: Rajan.V.D (Senior Grade Auditor, On 07-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-25 |
| 28 | മഴക്കാല പൂർവ ശുചീകരണം-60,000/- രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Aneesh V.S (Senior Grade Auditor, On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-26 |
| 29 | തെരുവ് വിളക്ക് പരിപാലനം - കരാർ പ്രകാരമുള്ള തുകയിലും അധികം നല്കി<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-27 |
| 30 | വരൾച്ചാ ദുരിതാശ്വാസം - കുടി വെള്ളവിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-28 |
| 31 | മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-29 |
| 32 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം - പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-30 |
| 33 | പാലിയേറ്റീവ് കെയർ പ്രോഗ്രാം - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-31 |

| | | |
|---|---|---|
| | Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | |
| 34 | മൃഗാശുപത്രി അടിസ്ഥാന സൗകര്യം - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 1-32 |
| 35 | വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-33 |
| 36 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Padmakumari L (Asst. Audit Officer, On 14-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 1-34 |
| | ഭാഗം **2** | |
| 1 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണയിച്ചിട്ടില്ല<br>Written By: Rajina A.S (Auditor, On 19-05-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 2-1 |
| 2 | കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം) അനുവദനീയമായതിലും അധികം വ്യാപ്തി (കവറേജ്) ഉണ്ടായിരുന്നിട്ടും നിയമാനുസൃത കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്നു.<br>Written By: Rajina A.S (Auditor, On 23-05-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 2-2 |
| | ഭാഗം **3** | |
| 1 | ടാറിങ്/റീടാറിഗ് പ്രവർത്തികളുടെ ബിൽ തുകയിൽനിന്നും ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല - 19,670/-രൂപായുടെ നഷ്ടം<br>Written By: Pradeep Kumar P (Audit Officer (HG), On 12-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 3-1 |
| 2 | തെരുവ് വിളക്ക് പരിപാലനം - കരാർ പ്രകാരമുള്ള തുകയിലും അധികം നല്കി<br>Written By: Santhosh N (Computer Assistant, On 15-06-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh V.S (Senior Grade Auditor, On 09-01-2022)<br>Last Updated By: Santhosh N (Computer Assistant, On 16-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajina A.S (Auditor, On 11-01-2022)<br>Last Updated By: Santhosh N (Computer Assistant, On 29-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 16-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 15-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 14-01-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Santhosh N (Computer Assistant, On 29-06-2022) | |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rajina A.S (Auditor, On 06-01-2022)<br>Last Updated By: Santhosh N (Computer Assistant, On 16-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23.02.2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17.02.2020 തീയതിയിലെ II (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 13-07-2020 | - | - |

### 1-2-1 വാർഷികധനകാര്യപത്രികപരിശോധന

1. പ്രോപ്പർട്ടി ടാക്സ് ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

2. വാടക രജിസ്റ്റർ പ്രകാരം വാടക ഡിമാന്റ് തുക 19,13,388/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുള്ളത് 18,82,404/-രൂപയാണ്.

3. മാർക്കറ്റ് ലേലം - അക്കൗണ്ട്സിൽ ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുള്ളത് 12,23,122/-രൂപയാണ്. എന്നാൽ ലേലരജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 11,22,222/- രൂപ ആണ്.

4. ലേലരജിസ്റ്റർ പ്രകാരം സ്ലോട്ടർ ഹൗസ് വരവ് ഡിമാന്റ് തുക 1,83,15,551/- രൂപയും അക്കൗണ്ട്സ് പ്രകാരം ഡിമാന്റ് തുക 17,54,401/-രൂപയും ആണ്.

5. 2018-19 അക്കൗണ്ട്സ് പ്രകാരംം ഡി&ഒ അരിയർ 67,450//- രൂപയും പ്രൊഫഷൻ ടാക്സ് ട്രേഡേഴ്സ് അരിയർ 28,500/- രൂപയും ലഭിക്കാനുള്ളതായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 2019-20ലെ കളക്ഷനിലോ ബാലൻസ് ഷീറ്റിലോ ടി തുക ഉൾപ്പെട്ടിട്ടില്ല.

6. ബാലൻസ് ഷീറ്റ് പ്രകാരംം മുൻ വർഷമുള്ള ആസ്തിമൂല്യം, തൻവർഷം ആസ്തി രൂപീകരണത്തിന് വേണ്ടിയുള്ള ചെലവ്, തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള മൂല്യം എന്നിവ പരിശോധിച്ചതിൽ തൻവർഷം ഉൾപ്പെടുത്തിയിട്ടുള്ള ആസ്തി മൂല്യത്തിൽ ഗണ്യമായ വ്യത്യാസം ഉള്ളതായി കാണുന്നു.

| ക്രമ നം. | ആസ്തികളുടെ വിവരം | മുൻവർഷ ആസ്തിമൂല്യം (₹) | തൻവർഷ ആസ്തിക്കായി ചെലവഴിച്ച തുക (₹) | തൻവർഷ ആസ്തിയായി ഉൾപ്പെടുത്തി യിരുന്ന തുക (₹) | ഉൾപ്പെടുത്തിയ തുക (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|---|
| 1. | Roads -Cement Concrete | 21788714/- | 9685267/- | 31473981/- | 34139257/- | 2665276/- |
| 2. | Other Constructions | 9425607/- | 2066210/- | 11491817/- | 11997958/- | 506141/- |
| 3. | Movable Assets- Furniture, Fixtures, Fittings & Electrical Appliances | 3954955/- | 140651/- | 4095606/- | 4202489/- | 106883/- |

മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 5,11,041/-രൂപയായതിനാൽ ടി തുകയിലും അധികമായി ആസ്തിമൂല്യം ഉൾപ്പെട്ടതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

7. എസ്.സി.പി. ഫണ്ട് അലോട്ട്മെന്റ് ലെറ്റർ പ്രകാരം 3 തവണകളിലായി 1,00,27,000/- രൂപയാണ് അലോട്ട്മെന്റ്. (33,42,300/-, 32,76,124/- (33,42,300-66,176 ജി. ഒ. പ്രോജക്റ്റ്), 32,76,223/-(33,42,400-66,177 ജി. ഒ. പ്രോജക്റ്റ്). എന്നാൽ ആദ്യത്തെ രണ്ട് അലോട്ട്മെന്റ് മാത്രമാണ് എ.സി.ആറിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ 2, 3 അലോട്ട്മെന്റുകളിൽ നിന്നാണ് ജി. ഒ. പ്രോജക്റ്റിനുള്ള

തുകകൾ ഈടാക്കിയിട്ടുള്ളത്. മൂന്നാമത്തെ അലോട്ട്മെന്റ് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി തുക പഞ്ചായത്തിന് ലാപ്സായെങ്കിലും എ.സി.ആർ. പ്രകാരം ലാപ്സായ തുകയിൽ ടി 32,76,223/-രൂപ ഉൾപ്പെട്ടിട്ടില്ല.

8. വികസന ഫണ്ട് ജനറലിൽ നിന്നും വാട്ടർ അതോറിറ്റി കുടിശ്ശിക ആയി 2 തവണ 1,230/- രൂപ വീതം ഈടാക്കിയിട്ടുണ്ടെങ്കിലും സുലേഖ സ്റ്റേറ്റ്മെന്റിൽ ഒരു തവണ മാത്രമാണ് ചെലവ് ഉൾപ്പെട്ടിട്ടുള്ളത്.

9. റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3-12-19ൽ ഡെപ്പോസിറ്റ് ചെയ്ത 20,000/- രൂപയുടെ ചെക്ക് 2020 മാർച്ച് 31 നും കളക്ഷൻ ആയിട്ടില്ല. എന്നാൽ ടി തുക സ്റ്റെയിൽ ചെക്ക് ആയി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,21,29,439/-രൂപ |
| വരവ് | 13,83,26,398/-രൂപ |
| ആകെ | 18,04,55,837/-രൂപ |
| ചെലവ് | 12,93,42,106/-രൂപ |
| നീക്കിയിരിപ്പ് | 5,11,13,731/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 1,93,829/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,02,924/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,62,202/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക (₹) | ക്യൂബിൽ വിശദാംശങ്ങൾ (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19536000/- | 19536000/- | 17727982/- | 1808018/- | 1255971/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | *10027000/- | 10027000/- | 6481836/- | *3545164/- | 2783903/- |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 178000/- | 178000/- | 0 | 178000/- | |
| ധനകാര്യ കമ്മിഷൻ ഗ്രാന്റ്(untied) | 0 | 14935682/- | 14935682/- | 7656277/- | 7279405/- | 4307491/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 23504000/- | 23504000/- | 9600929/- | 13903071/- | 12085043/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 6061000/- | 6061000/- | 5238954/- | 822046/- | 108671/- |
| | | | | ആകെ | 27535704/- | |

* വികസനഫണ്ട് എസ്.സി.പി മൂന്നാമത്തെ അലോട്ട്മെന്റ് വെബ്സാംഖ്യയിൽ ഉൾപ്പെട്ട് വന്നില്ല.

| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 7900000/- | 7900000/- | 7110000/- | 790000/- |
| വിമുകതി | 30/- | 12500/- | 12530/- | 12530/- | 0 |
| MNREGS ഭരണ ചെലവുകൾ | 9260/- | 1045232/- | 1054492/- | 1054492/- | 0 |
| പെൻസിൽ പ്രോഗ്രാം | 0 | 10000/- | 10000/- | 10000/- | |
| ലൈബ്രറി ഗ്രാന്റ് | 19550/- | 15580/- | 35130/- | 0 | 35130/- |

| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
|---|---|---|---|---|---|
| ICDS | 1216241/- | 922426/- | 2138667/- | 1028717/- | 1109950/- |
| TSC | 2941971/- | 190000/- | 3131971/- | 190000/- | 2941971/- |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസനഫണ്ട് ജനറൽ,എസ്.സി.പി, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 236 | 385208951/- | 126 | 105258126/- | 10 | 100 | 57.6% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9260/- | 1045232/- | 1054492/- | 1054492/- | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 32658000/- | 32658000/- | 32658000/- | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 81,840/- | - |
| കർഷകതൊഴിലാളി പെൻഷൻ | 24,50,400/- | 18 |
| വിധവാ പെൻഷൻ | 78,17,400/- | 113 |
| വാർദ്ധക്യകാല പെൻഷൻ | 1,48,58,700/- | 426 |
| വികലാംഗ പെൻഷൻ | 19,22,500/- | 30 |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 87,600/- | 6 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | - |

### 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ മരണ തീയതിക്കു ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത 3,57,400/-രൂപ തിരികെ ഈടാക്കേണ്ടതാണ്-

2019-20 വർഷം പത്തനാപുരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ മരണം ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റ് പരിശോധിച്ചതിൽ പെൻഷണറുടെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പത്തനാപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പെൻഷൻ കൈപ്പറ്റിയിരുന്നവർ --254600/-രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. / പെൻഷൻ സ്റ്റാറ്റസ് | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (₹) |
|---|---|---|---|---|---|---|
| 1 | മാത്യു വർഗ്ഗീസ് | വാർദ്ധക്യകാല പെൻഷൻ | 103280201577 | 22/03/2020 | 04/2020- 12/2021 (1500x12 +1600x9) | 32,400/- |
| 2 | കുഞ്ഞമ്മ തോമസ് | വാർദ്ധക്യകാല പെൻഷൻ | 103280201055 സസ്പെൻഡ് | 17/03/2020 | 04/2020- 01/2021 1500x10 | 15,000/- |
| 3 | സുബൈദാബീവി പി | വാർദ്ധക്യകാല പെൻഷൻ | 103280200709 ആക്ടീവ് | 04/03/2020 | 04/2020-12/2021 (1500x12 +1600x9) | 32,400/- |
| 4 | രാജമ്മ | കർഷക തൊഴിലാളി പെൻഷൻ | 103280100080 സസ്പെൻഡ് | 22/01/2020 | 02/2020- 10/2021 (1200x2+1300x5 + 1400x4+1500x3+1600x7) | 30,200/- |
| 5 | തങ്കപ്പാറാവുത്തര് | വാർദ്ധക്യകാല പെൻഷൻ | 103280200640 | 20/01/2020 | 02/2020-04/2020 1500x3 | 4,500/- |
| 6 | പാത്തുമ്മൾബീവി | കർഷക തൊഴിലാളി പെൻഷൻ | 103280100034 | 04/01/2020 | 02/2020- 04/2020 1200x2+ 1300x1 | 3,700/- |
| 7 | ഗോവിന്ദൻ ആചാരി കെ കെ | വാർദ്ധക്യകാല പെൻഷൻ | 103280201779 ആക്ടീവ് | 09/01/2020 | 02/2020- 12/2021 (1500x14 +1600x9) | 35,400/- |
| 8 | തങ്കമ്മ | വിധവ പെൻഷൻ | 103280600857 ആക്ടീവ് | 05/01/2020 | 02/2020- 12/2021 (1200x2+1300x5 + 1400x4+1500x3+ 1600x9) | 33,400/- |
| 9 | റ്റി.സരോജിനി | വിധവ പെൻഷൻ | 103280600250 ആക്ടീവ് | 24/12/2019 | 01/2020-12/2021 (1200x3+1300x5 + 1400x4+1500x3+1600x9) | 34,600/- |
| 10 | റ്റി. എം. സലീം | വാർദ്ധക്യകാല പെൻഷൻ | 103280201243 സസ്പെൻഡ് | 24/11/2019 | 12/2019 -08/2021 (1200x4 +1300x5 + 1400x4+ 1500x3+ 1600x5) | 29,400/- |
| 11 | താമരാക്ഷി റ്റി | വാർദ്ധക്യകാല പെൻഷൻ ആക്ടീവ് | 103280201701 | 09/04/2019 | 05/2019-07/2019 1200 X 3 | 3,600/- |
| | | | | | | 2,54,600/- |

2. മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ പെൻഷൻ കൈപ്പറ്റിയിരുന്നവർ - 102800 /-രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (₹) | |
|---|---|---|---|---|---|---|---|
| | ജേക്കബ് മാത്യു | ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 104200400079 ആക്ടീവ് | 05/03/2020 | 04/2020-12/2021 1300x5+1400x4+ 1500x3+1600x9 | 31,000/- | പത്തനംതിട്ട - കലഞ്ഞൂർ ഗ്രാമ പഞ്ചായത്ത് |

| | | | | | | | |
|---|---|---|---|---|---|---|---|
| | സരോജിനി | | 104160200250 ആക്ടീവ് | 10/03/25020 | 04/2020 &12/2021 | 1,500/- | പത്തനംതിട്ട - ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് Dec-2019,Jan,feb, March,April-2020 ഡയറക്റ്റ് ഹോം 7500 തുക കൈപറ്റി December-2021 ഡയറക്റ്റ് ഹോം 1600 തുക സഹകരണബാങ്കിന് കൈമാറി |
| | അലീമാബീവിതങ്കമ്മ | ഡിസബിലിറ്റി പെൻഷൻ | 104160400007 ആക്ടീവ് | 07/01/2020 | 02/2020- 12/2021 (1200x2+1300x5 +1400x4+1500x3 +1600x9) | 33,400/- | പത്തനംതിട്ട - ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് |
| | ഇസ്മയീൽ.കുഞ്ഞ് | വാർദ്ധക്യകാല പെൻഷൻ | 103230200057 ആക്ടീവ് | 15/12/2019 | 01/2020-12/2021 (1500x15 +1600x9) | 36,900/- | വിളക്കുടി ഗ്രാമ പഞ്ചായത്ത് |
| | | | | | | 1,02,800/- | |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. അതേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ മരണം രജിസ്റ്റർ ചെയ്താലും മരണപ്പെട്ട വ്യക്തി സുരക്ഷ പെൻഷൻ വാങ്ങുന്നയാളായിരുന്നു എന്ന് തിരിച്ചറിയുക ശ്രമകരവുമാണ്. ഈ സാഹചര്യത്തിൽ 23.09.2020 ലെ സ.ഉ.(എം.എസ്.) നം. 97/2020 ധനം ഉത്തരവ് ഖണ്ഡിക 12 പ്രതിപാദിക്കുന്ന (മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി /ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കുക ) നടപടിക്രമം പാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/05-01-2022.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2022ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,654/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല.
പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാധ്യതകൾ കൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.
റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.
ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. ചില കാലയളവുകളിൽ ഡയറി എഴുതിയിട്ടുതന്നെയില്ല. അപേക്ഷകൾ സ്വീകരിച്ച തീയതി, സ്വീകരിച്ച അപേക്ഷകളുടെ തീർപ്പാക്കൽ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിൽ കൂടുതൽ കൃത്യത വരുത്തേണ്ടതുണ്ട്. അർഹിക്കുന്ന ഗൗരവത്തിൽതന്നെ ഫ്രണ്ട് ഓഫീസ് ഡയറിയിൽ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ടവർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. അപ്രതീക്ഷിത സാഹചര്യങ്ങളുണ്ടാകുമ്പോഴല്ലാതെ, പദ്ധതി നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. മിക്ക മരാമത്ത് പ്രവൃത്തികളുടേയും എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തു കാണുന്നു. പല മരാമത്ത് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വീഴ്ചകാണുന്നു. പൂർത്തീകരണം വൈകിയതിന്റെ കാരണങ്ങൾ ഫയലിൽനിന്നും വ്യക്തമല്ല. പൂർത്തീകരണം വൈകിയ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കാതെ തന്നെ അവസാന ബിൽ തുക നൽകിയിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ടെന്റർ നടപടികളിൽ മത്സരസ്വഭാവം ഉണ്ടായിട്ടില്ല. 2019-20 വർഷത്തിൽ നടപ്പിൽ വരുത്തിയ ഒരു പ്രവൃത്തിയുടെ ടെന്റർ നടപടികളിലും രണ്ടിൽ കൂടുതൽ കരാറുകാർ പങ്കെടുത്തിട്ടില്ല. 01% താഴെയുള്ള ടെന്റർ കിഴിവിലോ, എസ്റ്റിമേറ്റ് നിരക്കിലോ ആണ് കരാറുകളെല്ലാം തന്നെ അനുവദിച്ചുകാണുന്നത്. 50,000/-രൂപ മുതൽ അടങ്കൽ തുകയുള്ള പദ്ധതികൾക്ക് ഇ-ടെന്ററിലൂടെ കരാറുകാരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ ടെന്റർ നടപടികളിൽ കൂടുതൽ മത്സരസ്വഭാവം കൈവരിക്കാൻ സാധിക്കും എന്നതിനാൽ അത്തരം നടപടിക്ക് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

അപാകതകളിലേക്ക് പഞ്ചായത്തുഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/12/2021 | 4/2020-3/2021 | 13/12/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/01/2017 – 21/01/2017 | 2011-12 – 2015-16 | 21/02/2017 |

1-11 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കെ എസ് ഇ ബി | III |
| 2 | മദേഴ്സ് സൂസൻ മെമ്മോറിയൽ | II |
| 3 | പത്തനാപുരം ബാങ്കേഴ്സ് | II |
| 4 | ബെൽസ്റ്റാർ ഇൻവസ്റ്റ്മെൻറ് & ഫിൻ പ്രൈ.ലി. | II |
| 5 | ഔഷധി | I , II |
| 6 | റിലയൻസ് Sms Ltd | II |
| 7 | സൗത്ത് ഇന്ത്യൻ ബാങ്ക് | II |
| 8 | DDRC | II |

| | | |
|---|---|---|
| 9 | ഹാർഡ് വെയർ, കല്ലുംകടവ് | I , II |
| 10 | തെക്കേടത്ത് ഐ ക്ലിനിക്ക് | II |
| 11 | ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് കൊമേഴ്സ് | II |
| 12 | ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് അഡ്വാൻസ് സ്റ്റഡീസ് | II |
| 13 | ആക്സിസ് ബാങ്ക് | I , II |
| 14 | പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനി, കല്ലുംകടവ് | I,II |

2. ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | സെന്റ് മേരിസ് റസിഡൻഷ്യൽ സ്കൂൾ | II |
| 2 | പത്തനാപുരം ബാങ്കേഴ്സ് | II |
| 3 | ബെൽസ്റ്റാർ ഇൻവസ്റ്റ്മെൻറ് & ഫിൻ പ്രൈ.ലി. | II |
| 4 | ശ്രീഗോലം ചിട്ട്സ് & ഫൈനാൻസ് ലി. | II |
| 5 | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് | II |
| 6 | സബ് ഗ്രൂപ്പ് ഓഫീസ് കവല ദേവസ്വം | II |
| 7 | ഐ കെ എം | II |
| 8 | എം ജി എൻ ആർ ജി എസ് | II |
| 9 | കെ എസ് ആർ ടി സി | II |
| 10 | ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് കൊമേഴ്സ് | II |
| 11 | ഹാർഡ് വെയർ, കല്ലുംകടവ് | II |
| 12 | പാലരുവി ഫാർമേഴ്സ് പ്രൊഡ്യൂസിംഗ് കമ്പനി, കല്ലുംകടവ് | I,II |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഔഷധി, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, കെ.എസ്.ആർ.ടി.സി. എന്നിവരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് RR നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറ്റുള്ള ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/07.02.2022.

1-12 ലേല തുക, ജി എസ് ടി എന്നിവ ഒടുക്കുവരുത്തിയിട്ടില്ല

പത്തനാപുരം ഗ്രാമപഞ്ചായത്തിലെ 2019 -20 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ലേല തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | ലേല ഇനം | ലേല തുക (₹) | കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | മുഹമ്മദാലി, കാരുംമീ കുണ്ടമൂട് തെക്കതിൽ കുണ്ടയം | മാട്ടിറച്ചി വില്പന, പത്തനാപുരം | 7,00,051/- | 43,150/- |
| 2 | നാസർ, ഉണ്ടപ്പുരയിടം | മാട്ടിറച്ചി വില്പന, | 1,80,000/- | 34,000/- |

| | | | | |
|---|---|---|---|---|
| | (ഫാത്തിമ മൻസിൽ), കുണ്ടയം | കുണ്ടയം - മൂലക്കട | | |
| ആകെ | | | | 77,150/- |

2) താഴെപ്പറയുന്ന ലേല ഇനങ്ങൾക്ക് 18% ജി എസ് ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | ലേല ഇനം | ലേല തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി (₹) |
|---|---|---|---|---|
| 1 | ഹംസ, ഹംന മൻസിൽ, കുണ്ടയം | കല്ലുംകടവ് പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഫീസ് പിരിവ് | 1,51,600/- | 18,108/- (27,288/- രൂപയിൽ 9,180/-രൂപ ഈടാക്കി) |
| 2 | മുഹമ്മദാലി, മുനീർ മൻസിൽ, കുണ്ടയം | പഞ്ചായത്ത് വക KSRTC ബസ് സ്റ്റാൻഡ് ശുചിമുറി ലേലം | 2,00,100/- | 24,012/- (36,018/-രൂപയിൽ 12,006/-രൂപ ഈടാക്കി) |
| ആകെ | | | | 42,120/- |

നിശ്ചിത തീയതിക്കുള്ളിൽ അടുത്ത തവണത്തെ തുക ഒടുക്കാത്ത പക്ഷം 18% പലിശ സഹിതം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കണമെന്നാണ് ലേല വ്യവസ്ഥ. കൂടാതെ ലേല കുടിശ്ശിക തുകയായ 77,150/-രൂപ കൂടി ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷത്തിലെ വാർഷികധനകാര്യ പത്രികയിലെ ഡിമാൻഡിൽ (I 4b) ഉൾപ്പെടുത്തിയിട്ടില്ല. ലേല തുക അടവാക്കിയത് മാത്രമാണ് വാർഷികധനകാര്യ പത്രികയിൽ ഡിമാൻഡായി ഉൾപ്പെടുത്തിയിട്ടുള്ളത്. ലേലത്തുക തവണകളായി ഒടുക്കു വരുത്തുമ്പോൾ ലേലക്കരാറിനോടൊപ്പം തന്നെ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്നാൽ പഞ്ചായത്തിലെ ലേല വ്യവസ്ഥകളിൽ 'സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണം' എന്ന ലേല വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ തന്നെ ക്രമ നമ്പർ 13 പ്രകാരം എല്ലാ അവകാശങ്ങളും നിലവിലുള്ള ചട്ടങ്ങൾ പൊതു സൗകര്യം കണക്കാക്കി പഞ്ചായത്തിൽ നിന്ന് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കുവാൻ എല്ലാ ലേലക്കാരും ബാധ്യസ്ഥരാണെന്നും സർക്കാരിൽ ഒടുക്കേണ്ടതായ നികുതി ഒടുക്കുവാൻ ലേലക്കാരൻ ബാധ്യസ്ഥനാണെന്നും ലേലനിബന്ധനകളിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ വിവിധ ലേല ഇനങ്ങൾക്കുള്ള 18% ജി എസ് ടി തുകയായ 42,120/- രൂപ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലേല കുടിശ്ശിക ഈടാക്കുന്നതിനായി ഓൺലൈൻ RR നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ അറിയിക്കേണ്ടതും, വിവിധ ലേല ഇനങ്ങൾക്കുള്ള 18% ജി എസ് ടി തുകയായ 42,120/- രൂപ ഈടാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 9/07.01.2022.

1-13 വാണിജ്യ കെട്ടിടങ്ങൾക്ക് പാർപ്പിടഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുകയും നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുപയോഗിക്കുകയും ചെയ്യു.

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ 9 (2) പ്രകാരം വെവ്വേറെ ഉപയോഗക്രമം ഉള്ള ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ അത് ഭാഗത്തിന് ബാധകമായ നികുതി വെവ്വേറെ കണക്കാക്കി മൊത്തം വസ്തു നികുതി നിർണയിക്കേണ്ടത് ആണ് എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പത്തനാപുരം ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തിലെ ഫാക്ടറി -വ്യാപാര ലൈസൻസ് അനുവദിച്ചത് പരിശോധിച്ചതിൽ പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തുനികുതി നിർണയിച്ച് കെട്ടിടങ്ങളിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതായി കാണുന്നു. ഈ സാഹചര്യത്തിൽ ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയ കെട്ടിട ഭാഗത്തിന് ഉപയോഗക്രമം അനുസരിച്ചുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ബാധകമാക്കി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 17 പ്രകാരം നികുതി നിർണയത്തിന് ശേഷം കെട്ടിടത്തിലെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തിയാൽ ആ

വിവരം കെട്ടിട ഉടമ സെക്രട്ടറി അറിയിക്കണമെന്നും, ഇപ്രകാരം പുതുക്കിയ റിട്ടേൺ സമർപ്പിക്കാത്ത പക്ഷം 1,000/- രൂപയോ പുതുക്കിയ നികുതി നിർണയം മൂലമുണ്ടാകുന്ന നികുതി വർധനയോ ഏതാണോ അധികം അത് പിഴയായി ഈടാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാർപ്പിടം, ഓഫീസ് ആവശ്യത്തിന് എന്ന് രേഖപ്പെടുത്തി വസ്തു നിർണയിച്ച കെട്ടിടങ്ങളിൽ മറ്റ് ഉപയോഗക്രമങ്ങൾക്ക് ഫാക്ടറി - വ്യാപാര ലൈസൻസുകൾ നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ ഫാക്ടറി -വ്യാപാര ലൈസൻസ് രജിസ്റ്റർ പ്രകാരം | ഫാക്ടറി -വ്യാപാര ലൈസൻസ് നമ്പർ/ ലൈസൻസ് ഉടമ | ആവശ്യം | അടിസ്ഥാന വസ്തു നികുതി നിർണയത്തിന് പരിഗണിച്ച ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | 13/172 | 42/ ദീപാകുമാരി | ക്ലിനിക്കൽ ലബോറട്ടറി | പാർപ്പിടാവശ്യം |
| 2 | 18/801-803 | 68/ മാനേജിംഗ് ഡയറക്ടർ സഹ്യാദ്രി റബ്ബർ | റബ്ബർ | പാർപ്പിടാവശ്യം |
| 3 | 8/364 | 79/ നാസറുദ്ദീൻ പലചരക്ക് വ്യാപാരം | പലചരക്ക് വ്യാപാരം | പാർപ്പിടാവശ്യം |
| 4 | 18/981 | 81/ ഡോ. ശ്രീല കെ എസ് | ആയൂർവേദ ആശുപത്രി | 18/981 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |
| 5 | 18/166 | 111/ ഷെമി ഹുസൈൻ | ഫ്ലോർ മിൽ | പാർപ്പിടാവശ്യം |
| 6 | 18/54,55,56,57,58 | 154/ ശോഭന ശിവരാജൻ | ഫർണിച്ചർ വ്യാപാരം | 18/58 കെട്ടിടത്തിന്റെ 275 (ച:മീ) വിസ്തീർണ്ണം പാർപ്പിടാവശ്യം |
| 7 | 15/19 | 229/ ഷൗബീല | ഇറച്ചിക്കോഴി വ്യാപാരം | പാർപ്പിടാവശ്യം |
| 8 | 10/93 | 366/ കുര്യൻ കോശി | ഓട്ടോമോബൈൽസ് വർക്ക് | പാർപ്പിടാവശ്യം |
| 9 | 15/571 | മുഹമ്മദ് മുസ്തഫ | പലചരക്ക് വ്യാപാരം | ഓഫീസ് ഉപയോഗം |
| 10 | 9/370 | ബെന്നിക്കോട് | ഏജൻസി ഓഫീസ് | പാർപ്പിടാവശ്യം |
| 11 | 9/366 | ശ്രീദേവി | വനിത നാടൻ ഭക്ഷണശാല | പാർപ്പിടാവശ്യം |
| 12 | 12/853 | 589/ അബ്ദുൾ റസാഖ് | ഹാർഡ് വെയർ സിമന്റ്, കമ്പി | 12/853 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |
| 13 | 2/497 | 592/ സജയൻ | കേബിൾ നെറ്റ് വർക്ക് | 2/497 കെട്ടിടം വസ്തു നികുതി നിർണയിച്ചിട്ടില്ല |

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 9 (2), ചട്ടം 17 എന്നിവ പ്രകാരം തുടർ നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ച്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ ഗണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതും തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 16/10.01.2022.

1-14 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണയിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വെവ്വേറെ നമ്പർ നൽകി ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കാക്കി വസ്തുനികുതി നിർണയിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ജയിംസ് വർഗീസ് ഉഴത്തിൽ, അൻജയ, ശാലേംപൂരം, പത്തനാപുരം എന്ന വ്യക്തിയുടെ അപേക്ഷ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 16 /746, 16 /747 ,16 /748, 16 /749 എന്നീ നമ്പറുകൾ അനുവദിച്ച് വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. താഴത്തെ നില 205.89 എം സ്ക്വയർ (16 /746-102.92എം സ്ക്വയർ, 16 /747-107.57എം സ്ക്വയർ) ഒന്നാം നില 215.15 എം സ്ക്വയർ (16 /748-102.94എം സ്ക്വയർ, 16 /749-107.57എം സ്ക്വയർ)ആകെ 421 എം സ്ക്വയർ ന്റെ വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്( Rs. 24634+LC). എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 447.91 എം സ്ക്വയർ ആണ്. കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ട 26.91എം സ്ക്വയർ തറ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. അതായത് വാർഷിക കെട്ടിട നികുതി കണക്കാക്കുന്നതിൽ 1534+LC രൂപയുടെ ( 26.91എം സ്ക്വയർ * 50/- + (20% വർദ്ധനവ് , വഴി സൗകര്യം) - ബഹുനിലകെട്ടിടം 5% ഇളവ് ) നഷ്ടം ഉണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം . 19/11.01.2022

വരവ് നഷ്ടം – 1534 + LC

2) നസീർ/റജീന ബീഗം, നസീർ ബിൽഡിംഗ് കുണ്ടയം എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷപ്രകാരം 13/667 മുതൽ 13/672 വരെയുള്ള കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ട 52.36എം സ്ക്വയർ തറവിസ്തീർണ്ണത്തിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം വസ്തു നികുതി നിർണയിച്ച തറവിസ്തീർണ്ണം (എം സ്ക്വയർ) + കെട്ടിട നികുതി | പ്ലാൻ പരിശോധിച്ചതിൽ ഭിത്തി കനം ഉൾപ്പെടെയുള്ള തറവിസ്തീർണ്ണം (എം സ്ക്വയർ) + നിർണയിക്കേണ്ടിയിരുന്ന കെട്ടിട നികുതി | വസ്തുനികുതി നിർണയത്തിലെ കുറവ് |
|---|---|---|---|
| GF (ഭൂനിരപ്പ് നില) തറവിസ്തീർണ്ണം * 50/- (10% ഇളവ്,മേഖല + 20% വർദ്ധനവ്, വഴി സൗകര്യം) | | | |
| 13/667 | 25.85എം സ്ക്വയർ, Rs. 1422 + LC | 27.97 എം സ്ക്വയർ Rs. 1539 + LC | Rs. 117 + LC |
| 13/668 | 16.74എം സ്ക്വയർ Rs. 921 + LC | 17എം സ്ക്വയർ Rs. 935 + LC | Rs. 14 + LC |
| 13/669 | 21.22എം സ്ക്വയർ Rs. 1168 + LC | 24.05എം സ്ക്വയർ Rs. 1323 + LC | Rs. 155 + LC |
| 13/670 | 12.23എം സ്ക്വയർ Rs. 673+ LC | 13.47എം സ്ക്വയർ Rs. 741 + LC | Rs. 68 + LC |
| 13/671 | 13.14എം സ്ക്വയർ Rs. 723+ LC | 15.40എം സ്ക്വയർ Rs. 847 + LC | Rs. 124 + LC |
| കെട്ടിടത്തിനുള്ളിലെ പൊതുവായ ഉപയോഗം (Toilet) | - | 4.04എം സ്ക്വയർ Rs. 222 + LC | Rs. 222 + LC |
| കെട്ടിടനികുതി(ഭൂനിരപ്പ് നില ) | - | 12.95എം സ്ക്വയർ | Rs. 713 + LC |

| | | | |
|---|---|---|---|
| നിർണയിച്ചിട്ടില്ലാത്ത ഭാഗം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | | Rs. 713 + LC | |
| ആകെ | 89.18എം സ്ക്വയർ Rs.4907 + LC | 114.88എം സ്ക്വയർ Rs.6320 + LC | Rs. 1413 + LC |
| FF(ഒന്നാം നില) തറവിസ്തീർണ്ണം * 40/-, ഓഫീസ് + (10% ഇളവ്,മേഖല + 20% വർദ്ധനവ്, വഴി സൗകര്യം) – ബഹുനിലകെട്ടിടം 5% ഇളവ് | | | |
| 13/672 | 48 എം സ്ക്വയർ Rs.2007 + LC | 53.56എം സ്ക്വയർ Rs.2238 + LC | Rs. 231 + LC |
| കെട്ടിടത്തിനുള്ളിലെ പൊതുവായ ഉപയോഗം (Toilet- 4Nos) | - | 10.12എം സ്ക്വയർ Rs.467+ LC | Rs. 467 + LC |
| സ്റ്റെയർ കാബിൻ | - | 10.98എം സ്ക്വയർ Rs.459 + LC | Rs. 459 + LC |
| ഒന്നാം നില കെട്ടിടനികുതി നിർണ്ണയത്തിലെ വ്യത്യാസം | 48എം സ്ക്വയർ Rs.2007 + LC | 74.66എം സ്ക്വയർ Rs.3164+ LC | |
| | വ്യത്യാസം | 3164-2007=1157+ LC | |
| ആകെ (ഒന്നാംനില + ഭൂനിരപ്പ് നില) | 137.18 എം സ്ക്വയർ Rs.6914+LC | 189.54 എം സ്ക്വയർ Rs.9484 +LC | Rs. 2570 + LC |

മേൽ കെട്ടിടത്തിന് വിവിധ നമ്പറുകൾ അനുവദിച്ചപ്പോൾ 52.36എം സ്ക്വയർ (189.54-137.18) തറ വിസ്തീർണ്ണത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. അതായത് വാർഷിക കെട്ടിട നികുതി കണക്കാക്കുന്നതിൽ 2570+LC രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വേറെ വേറെ നമ്പർ നൽകുന്നുവെങ്കിൽ ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കണം. കൂടാതെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണെന്നിരിക്കെ ചട്ടപ്രകാരം കൃത്യമായ വസ്തുനികുതി നിർണ്ണയം നടത്താത്തത് പഞ്ചായത്തിന്റെ വരുമാനനഷ്ടത്തിന് ഇടയാക്കുന്നുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ ഉണ്ടായ വീഴ്ച്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ ഗണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിൽ തെറ്റായ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ കെട്ടിട നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുൻകാല പ്രാബല്യത്തോടെ തുക ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 26/12.01.2022

ആകെ വരവ് നഷ്ടം – 4104(1534+ 2570)+5%LC =4309/- രൂപ.

1-15 കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം) അനുവദനീയമായതിലും അധികം വ്യാപ്തി (കവറേജ്) ഉണ്ടായിരുന്നിട്ടും നിയമാനുസൃത കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 15-ാം വാർഡിലെ സി.എ. സ്കറിയ, മല്ലേൽ ചരുവിളയിൽ, പുതുവൽ, പത്തനാപുരം എന്ന മേൽവിലാസത്തിൽ 15/ 155, 15/156, 15/157 എന്നീ നമ്പറുകളിൽ പാർട്ടീഷൻ ചെയ്ത് 28ഷോപ്പ് മുറികൾ/ ഓഫീസ് മുറികളായി പരിഗണിച്ച് വെവ്വേറെ വസ്തു നികുതി നിർണയിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്(കെട്ടിടത്തിന് പുതിയ കൂട്ടിച്ചേർക്കൽ വരുത്തിയ വിവരം അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ല). പ്രസ്തുത വസ്തു നികുതി നിർണയങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം) അനുവദനീയമായതിലും അധികമായി വ്യാപ്തി ഉണ്ടായിട്ടും നിയമാനുസൃത കെട്ടിടനമ്പർ നൽകിയിരിക്കുന്നു .

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പട്ടിക(2) പ്രകാരം കാറ്റഗറി I വിഭാഗത്തിൽ പെടുന്ന പഞ്ചായത്തുകളിലെ കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം)-പെടുന്ന കെട്ടിടങ്ങളുടെ പരമാവധി അനുവദനീയമായ വ്യാപ്തി (Coverage) 70 ആണെന്നിരിക്കെ 83% വ്യാപ്തിയുള്ള നിർമ്മിതിക്ക് U/A നമ്പർ അനുവദിക്കുന്നതിന് പകരം അംഗീകൃത കെട്ടിടനമ്പരുകൾ നൽകിയിരിക്കുന്നു.

സഞ്ചയ പ്രകാരമുള്ള പഴയ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം

GF (ഭൂനിരപ്പ് നില) -300.ച. മീ.

FF (ഒന്നാം നില) - 300 ച. മീ.

SF (രണ്ടാം നില) - 300 ച. മീ.

വ്യാപ്തി = ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർ ണ്ണം/പ്ലോട്ട് വിസ്തീർണ്ണം X 100

വ്യാപ്തി = 300/728 X100=41.2%

പുതുക്കിയ പ്ലാൻ പ്രകാരം ഉള്ള തറ വിസ്തീർണ്ണം

GF (ഭൂനിരപ്പ് നില) -523.39 ച. മീ.

FF (ഒന്നാം നില) - 605.15 ച. മീ.

SF (രണ്ടാം നില) - 605.15 ച. മീ.

സ്റ്റെയർ റൂം - 32.69 ച. മീ.

ആകെ -1766.38 ച. മീ.

പ്ലോട്ട് വിസ്തീർണ്ണം-728 ച. മീ.

(തണ്ടപ്പേർ & സർവ്വേ നമ്പർ 18733/3083/2- 3.24ആർ, 18734/3083/2- 4.04ആർ)

വ്യാപ്തി = ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർ ണ്ണം/പ്ലോട്ട് വിസ്തീർണ്ണം X 100

വ്യാപ്തി = 605.15/728 X100=83.125% =83% (അനുവദനീയം =70)

മേൽ കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വസിഷനിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി ഉൾപ്പെടുത്തിയില്ല

കെട്ടിടത്തിന് പാർട്ടീഷൻ ചെയ്ത ഷോപ്പ് മുറികൾ/ഓഫീസ് മുറികൾ ആക്കുന്നതിനായി 28 നമ്പരുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ളത് പ്രകാരം നമ്പരുകൾ അനുവദിച്ചപ്പോൾ മൂന്ന് നിലകളിലുമായി പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗത്തിന്റെ തറവിസ്തീർണ്ണം കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ

കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വേറെ വേറെ നമ്പർ നൽകുന്നുവെങ്കിൽ ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കണം. കൂടാതെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

എന്നാൽ പ്രസ്തുത കെട്ടിടത്തിന് മൂന്ന് നിലകളിലുമായി പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ടോയിലറ്റ്, സ്റ്റയർ റൂം, പാസ്സേജുകൾ എന്നിവയുടെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് വസ്തു നികുതി കണക്കാക്കിയിട്ടില്ല. 13.01.2022 ൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ മേൽനോട്ടത്തിൽ നടന്ന സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരം ഷോപ്പ് മുറികൾ/ഓഫീസ് മുറികളുടെ തറ വിസ്തീർണ്ണം, പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ടോയിലറ്റ്, സ്റ്റയർ റൂം, പാസ്സേജുകൾ (ആകെ പാസ്സേജ് വിസ്തീർണ്ണത്തിൽ നിന്നും പാർക്കിംഗ് ഏരിയ, വോയിഡ് സ്പെയ്സ് , ഓപ്പൺ പാസ്സേജ് എന്നിവയുടെ തറ വിസ്തീർണ്ണം കുറവ് ചെയ്തു.) എന്നിവ ഉൾപ്പെടെ 1466.29 എം സ്ക്വയർ തറ വിസ്തീർണ്ണത്തിന്റെ നികുതിയാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ മൂന്ന് നിലകളിലുമായി ഷോപ്പ് മുറികൾ/ഓഫീസ് മുറികളുടെ ആകെ തറ വിസ്തീർണ്ണമായ 1214.96 എം സ്ക്വയർ മാത്രമേ കണക്കാക്കിയിട്ടുള്ളു. 251.4 എം സ്ക്വയർ (1466.29-1214.96) തറ വിസ്തീർണ്ണം വസ്തുനികുതി നിർണ്ണയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

അനുവദനീയമായ വ്യാപ്തിയുടെ പരിധി പാലിക്കാതെ നിർമ്മിക്കപ്പെട്ട കെട്ടിടം ക്രമവത്കരിക്കുവാൻ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 ഖണ്ഡിക 2 ലെ വ്യവസ്ഥ പ്രകാരം സെക്രട്ടറിക്ക് അധികാരമില്ല. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം വസ്തു നികുതി നിർണയിക്കാതിരുന്നതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല.

235എഎ(1) വകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203 വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതാണ്.

മേൽ കെട്ടിടത്തിലെ വസ്തുനികുതി നിർണയിച്ചതിൽ 15/1140 മുതൽ 15/1148 വരെയുള്ള കടമുറികൾക്ക് കാലപ്പഴക്കത്തിന്റെ 10% ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രൗണ്ട് ഫ്ലോറിലുള്ള 15/1149 മുതൽ 15/1156 വരെയുള്ള കടമുറികൾക്ക് കാലപ്പഴക്കത്തിനുള്ള ഇളവ് നൽകിയിട്ടില്ല. അതുപോലെതന്നെ ഒന്നാമത്തെ നിലയിലുള്ള 15/1157 മുതൽ 15/1160 വരെയുള്ള 4 കടമുറികൾക്കും കാലപ്പഴക്കത്തിനുള്ള ഇളവ് നൽകിയിട്ടില്ല.

എന്നാൽ രണ്ടാം നിലയിൽ 15/1161 മുതൽ 15/1167 വരെയുള്ള 7 കടമുറികളാണുള്ളത് ഇവയ്ക്ക് എല്ലാം തന്നെ കാലപ്പഴക്കത്തിന്റെ 10% ഇളവ് നൽകിയിട്ടുണ്ട്. ഒന്നാം നിലയ്ക്കില്ലാത്ത കാലപ്പഴക്കത്തിന്റെ ഇളവ് രണ്ടാം നിലയ്ക്ക് നൽകിയിരിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. കാലപ്പഴക്കത്തിന്റെ ഇളവ് ഒഴിവാക്കി രണ്ടാം നിലയ്ക്ക് വസ്തുനികുതി നിർണയിക്കുമ്പോൾ 15/1161 മുതൽ 15/1167 വരെയുള്ള 7 കടമുറികൾക്ക് 24122/-രൂപ (LC ഉൾപ്പെടെ) (22122/-രൂപ സഞ്ചയ പ്രകാരം) നികുതി അടവാക്കേണ്ടതുണ്ട്.

| കെട്ടിടത്തിന്റെ നില | സഞ്ചയ പ്രകാരം വസ്തുനികുതി ( LC ഉൾപ്പെടെ) (₹) | രണ്ടാം നിലയ്ക്ക് കാലപ്പഴക്കത്തിന്റെ ഇളവ് ഒഴിവാക്കിയുള്ള വസ്തുനികുതി ( LC ഉൾപ്പെടെ) (₹) |
|---|---|---|
| GF (ഭൂനിരപ്പ് നില) 361.21 M2 | 21651/- | 21651/- |
| FF (ഒന്നാം നില) 428.27m2 | 25637/- | 25637/- |
| SF (രണ്ടാം നില) 425.42m2 | 22122/- | 24122/- |

| | | |
|---|---|---|
| ആകെ | 69410/- | 71410/- |

മൂന്ന് നിലകളിലുമായി ഷോപ്പ് മുറികൾ / ഓഫീസ് മുറികളുടെ ആകെ തറ വിസ്തീർണ്ണമായ 1214.96 എം സ്ക്വയർ മാത്രമേ കണക്കാക്കിയിട്ടുള്ളൂ. ഷോപ്പ് മുറികൾ / ഓഫീസ് മുറികളുടെ തറ വിസ്തീർണ്ണം, പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ടോയിലറ്റ്, സ്റ്റെയർ റൂം, പാസ്സേജുകൾ (ആകെ പാസ്സേജ് വിസ്തീർണ്ണത്തിൽ നിന്നും പാർക്കിംഗ് ഏരിയ, വോയിഡ് സ്പെയ്സ് , ഓപ്പൺപാസ്സേജ് എന്നിവയുടെ തറ വിസ്തീർണ്ണം കുറവ് ചെയ്തു.) എന്നിവ ഉൾപ്പെടെ 1466.29എം സ്ക്വയർ തറ വിസ്തീർണ്ണത്തിന്റെ നികുതിയാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. 251.4എം സ്ക്വയർ (1466.29-1214.96) തറ വിസ്തീർണ്ണം മൂന്ന് നിലകളിലായിവസ്തുനികുതി നിർണ്ണയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

| കെട്ടിടത്തിന്റെ നില | സഞ്ചയപ്രകാരം നികുതി കണക്കാക്കിയ തറവിസ്തീർണ്ണം | സ്ഥല പരിശോധനയിലുള്ള തറവിസ്തീർണ്ണം (എം സ്ക്വയർ) | വിത്യാസമുള്ള തറവിസ്തീർണ്ണത്തിന്റെ നികുതി ( LC ഉൾപ്പെടെ) |
|---|---|---|---|
| GF (ഭൂനിരപ്പ് നില) | 361.21 M2 | 428.17m2 | 66.96m2<br>66.96*50 + (വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് ) =4219/- |
| FF (ഒന്നാം നില) | 428.27m2 | 499.18m2 | 70.91m2*50 +(വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് -5% ഇളവ് ഒന്നാം നില)=4244/- |
| SF (രണ്ടാം നില) | 425.42m2 | 506.25+32.69 (Stair Room)=538.94 | 113.52m2*50 +(വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് -10% ഇളവ് രണ്ടാം നില)= 6437/- |
| ആകെ | 1214.96m2 | 1466.29m2 | 251.4m2ന് 14900/-(4219+4244+6437) |

1466$m^2$ ന് ആകെ അടവാക്കേണ്ട വസ്തു നികുതി =71410+14900= 86310/-രൂപ

235എഎ(1) വകുപ്പ് പ്രകാരം അടവാക്കേണ്ട വസ്തു നികുതി =(71410+14900)*3=258930/-രൂപ

സഞ്ചയ പ്രകാരം 2019-20 ൽ അടവാക്കിയ വസ്തു നികുതി =69410/-രൂപ

2019-20 വർഷം 235എഎ(1) വകുപ്പ് പ്രകാരം അടവാക്കേണ്ട ബാക്കി വസ്തു നികുതി
= 258930 - 69410= 1,89,520/-രൂപ

235എഎ(5) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും (3-ം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും, അപ്രകാരം ഗ്രാമപഞ്ചായത്ത് ഏതെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുനപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മേൽ കെട്ടിടത്തിൻ മേൽ തുടർ നടപടി സ്വീകരിക്കുന്നത് വരെ 235എഎ(1) വകുപ്പ് പ്രകാരം 2,58,930/- രൂപ പ്രതിവർഷം കെട്ടിട നികുതിയിനത്തിൽ ഈടാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 17/10.01.2022

ഓഡിറ്റ് എൻക്വയറി നം. 23/ 12.01.2022

ഓഡിറ്റ് റിക്വസിഷൻ 1/12.01.2022

1-16 ഭവനപുനരുദ്ധാരണം- പണികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

1) ഭവനപുനരുദ്ധാരണം-പദ്ധതി നം. 47/19-20 (പൊതുവിഭാഗം)
അടങ്കൽ തുക-29,50,000/-രൂപ; ചെലവ് തുക – 23,00,000/-രൂപ.
ആകെ ഗുണഭോക്താക്കൾ -56
ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ-05
പദ്ധതി നിർവഹണം- ഒരു ഗുണഭോക്താവിന് 50,000/-രൂപ വീതം നല്കുന്നു. (25,000/-രൂപ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു.
ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | ബിൽ നം/തീയതി | തൽസ്ഥിതി വിവരം |
|---|---|---|---|---|
| 1 | സരസ്വതി, മംഗലത്ത്, നടുക്കുന്ന് | 25,000/- | 24/15-10-2019 | പണി പൂർത്തിയായിട്ടില്ല |
| 2 | സുഹറ ബീവി, പൂവണ്ണംവിള പത്തനാപുരം | 25,000/- | 24/15-10-2019 | പണി പൂർത്തിയായിട്ടില്ല |
| 3 | ഗീവർഗ്ഗീസ്, കുറ്റിവടക്കേതിൽ കല്ലുംകടവ് | 25,000/- | 24/15-10-2019 | പണി പൂർത്തിയായിട്ടില്ല |
| 4 | ഓമനയമ്മ, കൊക്കോട് | 25,000/- | 28/03-11-2019 | പണി പൂർത്തിയായിട്ടില്ല |
| 5 | ആമിനബീവി, ഷെഹീന മൻസിൽ, നടുമുരുപ്പ് | 25,000/- | 34/21-01-2020 | പണി പൂർത്തിയായിട്ടില്ല |

2) ഭവനപുനരുദ്ധാരണം-പദ്ധതി നം 40/19-20 (എസ് സി പി)
അടങ്കൽ തുക - 42,00,000/-രൂപ; ചെലവ് തുക -23,90,000/-രൂപ
ആകെ ഗുണഭോക്താക്കൾ -50
ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ-01
പദ്ധതി നിർവഹണം- ഒരു ഗുണഭോക്താവിന് 75,000/-രൂപ വീതം നല്കുന്നു. (35,000/-രൂപ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു. ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| 1 | രത്നമ്മ, രാജേന്ദ്രവിലാസം കുണ്ടയം | 35,000/- | 29/02-11-19 | പണി പൂർത്തിയായിട്ടില്ല |

3) ഭവനപുനരുദ്ധാരണം-പദ്ധതി നം 153/19-20 (എസ് സി പി) SO
അടങ്കൽ തുക – 14,80,000/-രൂപ; ചെലവ് തുക – 13,58,641/-രൂപ.
ആകെ ഗുണഭോക്താക്കൾ -58
ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ-02
പദ്ധതി നിർവഹണം- ഒരു ഗുണഭോക്താവിന് 75,000/-രൂപ വീതം നല്കുന്നു. (35,000/-രൂപ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു.
ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
1. മണി, വേടൻചിറ, കുണ്ടയം
കൈപ്പറ്റിയ തുക-35,000/-രൂപ (24/16-12-2019)

പണി ആരംഭിച്ചിട്ടില്ല.
2. ലീല, ചീനിവിള വടക്കേതിൽ, ഠൗൺ, പത്തനാപുരം.
കൈപ്പറ്റിയ തുക-35,000/-രൂപ (27/13-01-2019)
പണി ആരംഭിച്ചിട്ടില്ല.

4) ഭവന പുനരുദ്ധാരണം - പദ്ധതി നം 154/19-20 (പൊതുവിഭാഗം) SO
അടങ്കൽ തുക-3,00,000/-രൂ; ചെലവ് തുക 2,50,000/-രൂപ
ആകെ ഗുണഭോക്താക്കൾ -40
ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ-02
പദ്ധതി നിർവഹണം- ഒരു ഗുണഭോക്താവിന് 50,000/-രൂ വീതം നല്കുന്നു. (25,000/-രൂ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു.
ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
1. നബീസ, മട്ടൻകുഴിതെക്കേതിൽ, പത്തനാപുരം
കൈപ്പറ്റിയ തുക – 25,000/-രൂപ (17/18-11-2018)
പണി ആരംഭിച്ചിട്ടില്ല.
2. വിജയമ്മ, അരീക്കൽ, പാതിരിക്കൽ
കൈപ്പറ്റിയ തുക - 25,000/-രൂപ (17/18-11-2018)

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണവിവരം അറിയിക്കേണ്ടതുമാണ്.

1-17 ആദ്യഗഡു കൈപ്പറ്റിയശേഷം ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയില്ല- പദ്ധതിലക്ഷ്യം കൈവരിച്ചില്ല

വനിതകൾ ഗൃഹനാഥയായിട്ടുള്ളവർക്ക് ഭവനപുനരുദ്ധാരണം-പദ്ധതി നം 139/19-20 SO (പൊതുവിഭാഗം)
അടങ്കൽ തുക-15,50,000/-രൂപ; ചെലവ് തുക – 14,25,000/-രൂപ
ആകെ ഗുണഭോക്താക്കൾ -31
ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാനുള്ളവർ-03
പദ്ധതി നിർവഹണം- ഒരു ഗുണഭോക്താവിന് 50,000/-രൂപ വീതം നല്കുന്നു. (25,000/-രൂപ മുൻകൂറായി അനുവദിക്കുന്നു). പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് LSGD ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവസാനഗഡു നല്കുന്നു. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥരുടെയും മോണിട്ടറിംഗ് സമിതിയുടെയും നിരീക്ഷണവും തുടർനടപടികളും ഉണ്ടാകേണ്ടതാണ്.
ആദ്യഗഡു കൈപ്പറ്റിയശേഷം പണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | ബിൽ നം/തീയതി | തൽസ്ഥിതി വിവരം |
|---|---|---|---|---|
| 1 | റാഫിയത്തുബീവി നിഷാമൻസിൽ, കുണ്ടയം | 25,000/- | 36/23-09-2018 | പണി പൂർത്തിയായിട്ടില്ല |
| 2 | ഗീത, മണ്ണിലഴികത്ത് മാർക്കറ്റ് | 25,000/- | 38/28-09-2018 | പണി പൂർത്തിയായിട്ടില്ല |
| 3 | ഓമന, ലക്ഷംവീട് ഇടത്തറ | 25,000/- | 38/28-09-2018 | പണി പൂർത്തിയായിട്ടില്ല |

1-18 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള തൽസ്ഥിതിവിവരം ചുവടെ ചേർക്കുന്നു.

*ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം (ജനറൽ) SO

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | സജിത ബീവി, തൊടിയമൺ, പൂങ്കുളഞ്ഞി | 3,00,000/- | മേൽക്കൂര വാർത്തിട്ടുണ്ട് |
| 2 | സുകുമാരി, വാര്യത്ത്, പൂങ്കുളഞ്ഞി | 40,000/- | പണി ആരംഭിച്ചിട്ടില്ല |

*മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

1-19 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധികമായി 54,090/-രൂപ നല്കി.

പ്രോജക്റ്റ് നം 42

നിർവഹണ ഉദ്യോഗസ്ഥൻ- ഡയറി ഫാം ഇൻസ്ട്രക്റ്റർ

അടങ്കൽ തുക

വികസന ഫണ്ട്- ജനറൽ- 3,00,000/-രൂപ

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -4,00,000/-രൂപ

ആകെ 7,00,000/-രൂപ

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40,000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡയറി ഫാം ഇൻസ്ട്രക്റ്റർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്റ്റ് പ്രകാരം (പ്രോ നം. 5/21) ചില സംഘങ്ങൾക്ക് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3/- രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4/- രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് വിശദാംശം | അധിക തുക (₹) |
|---|---|---|---|
| 1 | 3/- 24-02-2020 =28,132/-രൂപ | മഞ്ചള്ളൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 17 ക്ഷീരകർഷകർക്ക് 09/ 19 മുതൽ 11/19 വരെയുള്ള മാസം 7033 ലിറ്റർ പാൽ അളന്നതിന് 4 രൂപ തോതിൽ 28,132/- രൂപ അനുവദിച്ചു. | 7,033/- |
| 2 | 4/- 24-02-2020 =12,448/-രൂപ | മഞ്ചള്ളൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 13 ക്ഷീരകർഷകർക്ക് 12/19 മാസം 3112 ലിറ്റർ പാൽ അളന്നതിന് 4/- രൂപ തോതിൽ 12,448/-രൂപ അനുവദിച്ചു. | 3,112/- |
| 3 | 5/- 24-02-2020 | ഇടത്തറ ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 7 | 2,138/- |

| | | | |
|---|---|---|---|
| | =8,552/-രൂപ | ക്ഷീരകർഷകർക്ക് 09/ 19 മുതൽ 12/19 വരെയുള്ള മാസം 2138 ലിറ്റർ പാൽ അളന്നതിന് 8,552/- രൂപ അനുവദിച്ചു. | |
| 4 | 6/- 29-02-2020 =45,687/-രൂപ | മാങ്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 13 ക്ഷീരകർഷകർക്ക് 04/ 19 മുതൽ 5/19 വരെയുള്ള മാസം 5354 ലിറ്റർ പാൽ അളന്നതിന് 3/- രൂപ തോതിൽ 16,064 രൂപയും 06/ 19 മുതൽ 8/19 വരെയുള്ള മാസം 7406 ലിറ്റർ പാൽ അളന്നതിന് 4/- രൂപ തോതിൽ 29,623/- രൂപയും ഉൾപ്പെടെ 45,687/- രൂപ അനുവദിച്ചു. | 7,406/- |
| 5 | 21/- 23.01.2020 =35,368/-രൂപ | മാങ്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 36 ക്ഷീരകർഷകർക്ക് 01/2020 മാസം 8842 ലിറ്റർ പാൽ അളന്നതിന് 4/- രൂപ തോതിൽ 35,368/- രൂപയും അനുവദിച്ചു. | 8,842/- |
| 6 | 26/- 31.03.2020 =22936/-രൂപ | മഞ്ചള്ളൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 25 ക്ഷീരകർഷകർക്ക് 02/2020, മാസം 5734 ലിറ്റർ പാൽ അളന്നതിന് 4/- രൂപ തോതിൽ 22,936/- രൂപയും അനുവദിച്ചു. | 5,734/- |
| 7 | 27/- 31.03.2020 =39968/-രൂപ | മാങ്കോട് ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 48 ക്ഷീരകർഷകർക്ക് 03/2020, മാസം 9992 ലിറ്റർ പാൽ അളന്നതിന് 4/- രൂപ തോതിൽ 39,968/- രൂപയും അനുവദിച്ചു. | 9,992/- |
| 8 | 28/- 31.03.2020 =39332/-രൂപ | മഞ്ചള്ളൂർ ക്ഷീരോത്പാദക സഹകരണ സംഘത്തിലെ 20 ക്ഷീരകർഷകർക്ക് 07/2019, 08/2019 മാസം 9833 ലിറ്റർ പാൽ അളന്നതിന് 4/- രൂപ തോതിൽ 39,332 രൂപയും അനുവദിച്ചു. | 9,833/- |
| | | ആകെ | 54,090/- |

തദ്ദേശ ഭരണ വിഹിതത്തിൽ നിന്ന് അധികമായി നൽകിയ 54,090/-രൂപ ക്ഷീരവികസന വകുപ്പിൽ നിന്ന് ലഭ്യമാക്കി ഒടുക്ക വരുത്തേണ്ടതാണ്.

1-20 ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല.

2019-20 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിഗ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ചു നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. ഈ ഇനത്തിൽ 19,670/-രൂപായുടെ നഷ്ടം പഞ്ചായത്തിനുണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. വിശദ വിവരങ്ങൾക്ക് ഖ. 3-1 കാണുക.

1-21 മരാമത്ത് പ്രവൃത്തി-രേഖകളുടെ അഭാവത്തിൽ 49,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ എസ്.ഒ. 140/19-20, പൂങ്കുളഞ്ഞി, നടുക്കുന്ന സ്കൂളുകളിൽ ക്ലാസ് റൂം പെയിന്റിങ്.
അടങ്കൽ തുക – 49,000/-രൂപ (വികസന ഫണ്ട് ജനറൽ).
നിർവ്വഹണ രീതി - ഗുണഭോക്തൃ സമിതി മുഖേന.
കൺവീനർ - ശ്രീമതി. സഫീന ബീവി.
കരാർ നമ്പർ - 87/എ.ഇ/എൽ.എസ്.ജി.ഡി/19-20 തീയതി 28.03.2019.

മേൽ പ്രവർത്തിയുടെ ബിൽ തുക ഇനത്തിൽ 49,000/- രൂപ 28.6.19 ലെ ബിൽ നമ്പർ 24 പ്രകാരം പിൻവലിച്ച് പദ്ധതി പ്രവർത്തനങ്ങളുടെ കൺവീനർ ആയ ശ്രീമതി. സഫിന ബീവിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകി കാണുന്നു. പദ്ധതി പ്രവർത്തനങ്ങൾ സംബന്ധമായി കൺവീനറെ തിരഞ്ഞെടുത്തു കൊണ്ട് ഗുണഭോക്തൃ സമിതി കൂടിയതിന്റെ മിനിറ്റ്സ്, 19,000/- രൂപയുടെ ബിൽ പകർപ്പ് എന്നിവ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. കരാർ നമ്പർ രേഖപ്പെടുത്തിയ സ്റ്റാമ്പ് പേപ്പർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, ഇതിൽ പദ്ധതിനിർവഹണാധികാരിയായ അസിസ്റ്റന്റ് എൻജിനീയറോ ഗുണഭോക്തൃ സമിതി കൺവീനർ ആയി തിരഞ്ഞെടുക്കപ്പെട്ട സഫിന ബീവിയോ ഒപ്പുവെച്ചിട്ടില്ല. കൂടാതെ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക്, അവസാന ബിൽ, ചെലവ് സംബന്ധമായ വൗച്ചറുകൾ, ചെലവുകൾ

ഗുണഭോക്തൃ സമിതി അംഗീകരിച്ചതിന്റെ രേഖ എന്നിവ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളും വിശദീകരണവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/11.01.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശ രേഖകളുടെ അഭാവത്തിൽ പദ്ധതിനിർവഹണം നടന്നതിന്റെയോ, ചെലവ് തുക കണക്കിയതിന്റെയോ കൃത്യത ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ആയതിനാൽ പദ്ധതിയുടെ പേരിലുള്ള 49,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. പരാമർശ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 22/11.01.2022.

1-22 ഷോപ്പിങ് കോംപ്ലക്സ് നിർമാണം- പൂർത്തീകരണം വൈകുന്നു

പത്തനാപുരം ടൗണിന്റെ ഹൃദയഭാഗത്ത് പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 477/17-7ൽ ഉൾപ്പെടുന്ന 02 ഏക്കർ 2.853 സെന്റ് സ്ഥലത്ത് രണ്ട് സെല്ലാർ നിലകൾ ഉൾപ്പെടെ 5 നിലകളിലായി 15325.31 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് 17-18 വർഷ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 193-ാം നമ്പരായി ആവിഷ്കരിച്ച പദ്ധതിയാണ് ഷോപ്പിങ് കോംപ്ലക്സ് നിർമാണം. 2017-18 ഉൾപ്പെടെ മൂന്ന് പദ്ധതി വർഷങ്ങളിലായി പൂർത്തീകരിക്കാനായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ആണ് പദ്ധതി നിർമാണ പ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്തിരിക്കുന്നത്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1698/2018 ത.സ്വ.ഭ.വ തീയതി 22.6.2018 പ്രകാരം, മേൽ പരാമർശിച്ച 2 ഏക്കർ 2.853 സെന്റ് സ്ഥലത്തിന്റെ ജാമ്യത്തിൽ കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 21,15,00,000/- രൂപ 11% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി. ഇതിനു പുറമേ പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയ 2,35,00,000/-രൂപയും ചേർത്ത് 23.5 കോടി രൂപയായിരുന്നു പദ്ധതിയുടെ പ്രാരംഭ അടങ്കൽ തുക. 2019-20 വർഷത്തിൽ പ്രോജക്ട് നം. S0168 പ്രകാരം 3,95,98,785/-രൂപയും (കെ.യു.ആർ.ഡി.എഫ്.സി. വായ്പ), പ്രോജക്ട് നം. 91 പ്രകാരം അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി 8,46,000/-രൂപയും (തനത് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്.

തുടർന്ന് നിർമ്മാണ ഘട്ടത്തിൽ പദ്ധതി എസ്റ്റിമേറ്റ് പരിഷ്കരിക്കേണ്ടിവന്നതിനാൽ ഉണ്ടായ അധിക ച്ചെലവ് തുക കണ്ടെത്തുന്നതിനായി 11 കോടി രൂപയുടെ പദ്ധതികൾ കൂടി ആവിഷ്കരിച്ച് അംഗീകാരം വാങ്ങുന്നതിനും പ്രസ്തുത തുക കെ.എഫ്.സി.യിൽ നിന്നും വായ്പ ആയി ലഭ്യമാക്കുന്നതിനും നടപടിക്രമങ്ങൾ നടന്നുവരുന്നു.

10.01.2022 ൽ പഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ സാന്നിധ്യത്തിൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ 60%വരെ പൂർത്തീകരിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. ഓഡിറ്റ് വേളയിൽ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ നടക്കുന്നില്ല എന്നും കാണാൻ കഴിഞ്ഞു. വൈദ്യുതീകരണ പ്രവർത്തനങ്ങൾ, ജലവിതരണ സംവിധാനമൊരുക്കൽ, അഗ്നിശമന സംവിധാനങ്ങൾ ഒരുക്കൽ, മുറികൾ തിരിക്കൽ, ടോപ് സെൻട്രൽ റൂഫിംഗ്, ഫ്ലോർ ടൈലിംഗ് തുടങ്ങിയവ പൂർത്തീകരിക്കാൻ ശേഷിക്കുന്ന പ്രവൃത്തികളിൽ ഉൾപ്പെടുന്നു.

നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവിട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ബിൽ തുക നൽകിയത് | ₹14,85,71,103.00 |
| കൺസൾട്ടൻസി ചാർജ്ജുകൾ | ₹38,08,260.00 |
| മറ്റിനങ്ങൾ (വെറ്റിംഗ് ചാർജ്, മലിനീകരണ നിയന്ത്രണ വകുപ്പ്, ഫൈൻ) | ₹9,42,251.00 |
| ലോൺ പലിശ അടവ് | ₹1,76,27,535.00 |
| ആകെ | ₹17,09,49,149.00 |

മേൽ 17,09,49,149/-രൂപയിൽ 12,85,71,103/-രൂപ കെ.യു.ആർ.ഡി.എഫ്.സി. ലോണിൽ നിന്നുള്ള വരവും, ശേഷിക്കുന്ന 4,23,78,046/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്ന് എടുത്തിട്ടുള്ളതുമാണ്.

(കെ.യു.ആർ.ഡി.എഫ്.സി. ലോണിൽ നിന്നുള്ള 2019-20 വർഷത്തെ ചെലവ് രൂപയാണ്) അതായത് തനത് ഫണ്ട് വിഹിതമായി പദ്ധതിയിൽ വക കൊള്ളിച്ചിരുന്ന 2,35,00,000/-രൂപയ്ക്ക് പുറമേ 1,88,78,046/-രൂപ നാളിതുവരെ തനതു ഫണ്ടിൽനിന്നും ചെലവിട്ടു.

2017-18ൽ 3 വർഷം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് ആരംഭിച്ച പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ 5-ാം വർഷം പൂർത്തീകരിച്ചിട്ടും 60%ത്തിൽ താഴെ മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത് എന്നതും, തുടർന്നുള്ള പ്രവർത്തനങ്ങൾക്കുള്ള തുക കണ്ടെത്തുന്നതിനായി പുതിയ വായ്പകൾ സംഘടിപ്പിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകുന്ന എന്നതും ആശങ്കയുളവാക്കുന്നതാണ്. നിർമ്മാണ പൂർത്തീകരണം വൈകുന്നതു മൂലം നിഷ്ക്രീയ ആസ്ഥിയായി തുടരുന്ന ഷോപ്പിങ് കോംപ്ലക്സിന്റെ വായ്പാ പലിശ ഇനത്തിലുള്ള ബാദ്ധ്യത പഞ്ചായത്തിന് താങ്ങാൻ കഴിയുന്നതിലധികമാണെന്ന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നുള്ള ചെലവുകളുടെ മേൽ കണക്കുകൾ വ്യക്തമാക്കുന്നു.

വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടേയും ബന്ധപ്പെട്ട മറ്റ് അധികാരികളുടേയും സഗൗരവ ശ്രദ്ധ ക്ഷണിക്കുന്നു. ഇനിയും കാലവിളംബം കൂടാതെ നിർമ്മാണം പൂർത്തീകരിച്ച്, വാണിജ്യ സമുച്ചയത്തിനെ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസായി മാറ്റുന്നതിനാവശ്യമായ ക്രീയാത്മകവും കാര്യക്ഷമവുമായ നടപടികൾ പഞ്ചായത്ത് അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-23 5,622/- രൂപ സബ്സിഡി വിതരണം ചെയ്തത് ഗുണഭോക്താവിന് ലഭിച്ചിട്ടില്ല

2019-20 സാമ്പത്തിക വർഷം ഡയറിഫാം ഇൻസ്പക്ടർ നിർവഹണം നടത്തിയ പദ്ധതികളുടെ ബിൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ട്രാൻസ്ഫർ ചെയ്ത 5,622/-രൂപ Treasury Paid Details പ്രകാരം UTR നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Project | Treasury Reference No. | Treasury Counter Date | Name | Bank / Treasury | Account No | UTR No | Amount |
|---|---|---|---|---|---|---|---|
| 42 പാലിന് സബ്സിഡി | 190405000000012557 | 24/02/2020 | SALEENA | Union Bank Of India (UBIN0542378) | 623702010002982 | Null | 1380/- |
| | 190405000000012609 | 31/03/2020 | SALEENA | Union Bank Of India (UBIN0542378) | 623702010002982 | Null | 480/- |
| | 190405000000010993 | 24/02/2020 | SALEENA | Union Bank Of India (UBIN0542378) | 623702010002982 | Null | 1072/- |
| 9 കാലിത്തീറ്റ സബ്സിഡി | 190405000000012559 | 31/03/2020 | SALEENA | Union Bank Of India (UBIN0542378) | 623702010002982 | Null | 1345/- |
| | 190405000000012608 | 31/03/2020 | SALEENA | Union Bank Of India (UBIN0542378) | 623702010002982 | Null | 1345/- |
| | | | | | | | 5622/- |

മേൽ തുക ട്രഷറിയിൽ നിന്നും ഗുണഭോക്താവിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06/05-05-2022) ഡയറി ഫാം ഇൻസ്പെക്ടർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക നിശ്ചിത കാലാവധിക്ക് ശേഷം ഗവ. അക്കൗണ്ടിലേക്ക് തിരികെ ക്രെഡിറ്റ് ചെയ്തു എന്ന് മറുപടി നൽകി.
ഓഡിറ്റ് എൻക്വയറി നം. -06/05-01-2022 .

1-24 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ച -അന്തിമ ബില്ലിൽ നിന്നും Compensation

For Delay Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P) No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (P.A.C തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നില്ല. അവസാന ബിൽ തുക നൽകിയപ്പോൾ ചട്ടപ്രകാരമുള്ള ഫൈൻ ഈടാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. SO 182/19-20 ഉടയംചിറ – വാഴപ്പാറ റോഡ് സൈഡ് വൈഡനിംഗ്.

അടങ്കൽ തുക-4,99,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്).
ചെലവ് തുക -4,98,714/- രൂപ (ബിൽ നം. 13/21.06.2019).
കരാറുകാരൻ - ശ്രീ. ബേബിതോമസുകുട്ടി.
എഗ്രിമെന്റ് നം. 26/AE/LSGD/PTPM/26.07.2018.
ടി.എസ്. നം. 34860/18-19.
എം.ബുക്ക് നം. 62/18-19.
എഗ്രീഡ് പി.എ.സി. - 498714.24/-രൂപ.
പ്രവൃത്തിമൂല്യം : 4,98,714/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 26.07.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 05.03.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 25.10.2018.
വൈകിയ കാലയളവ് : 131 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 9,333/-രൂപ (4,98,714/-രൂപ X 0.1% X 131/7).

2. പ്രോജക്ട് നം. SO.187/19-20 ആയുർവ്വേദാശുപത്രിക്ക് അധിക സൗകര്യമൊരുക്കൽ.

അടങ്കൽ തുക- 13,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്).
ചെലവ് തുക – 11,59,464/-രൂപ (ബിൽ നം. 39/14.10.2019 : 4,95,000/-രൂപ,
ബിൽ നം. 38/14.10.2019 : 5,44,198/-രൂപ,
ബിൽ നം. 52/9.12.2019 : 1,20,266/-രൂപ).
കരാറുകാരൻ - ശ്രീ. എൻ. വി. അനിൽകുമാർ.
എഗ്രിമെന്റ് നം. 75/AE/18-19/LSGD/PTPM/10.12.2018.
ടി.എസ്. നം. 74983/18-19.
എം.ബുക്ക് നം. 86/18-19.
എഗ്രീഡ് പി.എ.സി. – 12,29,928.67/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 6 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 10.12.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 02.12.2019
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 09.06.2019.
വൈകിയ കാലയളവ് : 176 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ: 30,924/-രൂപ (12,29,928.67/-രൂപ X 0.1% X 176/7)

3. പ്രോജക്ട് നം. SO 181/19-20 മാണ്ണായിക്കോണം കുഴിക്കോട് റോഡിന് ഓട, സൈഡ് വൈഡനിംഗ്

അടങ്കൽ തുക-4,99,000/- രൂപ (മെയിന്റനൻസ് ഫണ്ട്).
ചെലവ് തുക -4,98,573/- രൂപ (ബിൽനം.20/21.06.2019).
കരാറുകാരൻ - ശ്രീ. സയീദ്മസൂദ്. എം.
എഗ്രിമെന്റ്നം. 19/AE/LSGD/PTPM/24.07.2018.
ടി.എസ്. നം. 31524/18-19.
എം.ബുക്ക് നം. 63/18-19.
എഗ്രീഡ് പി.എ.സി.-4,98,573/-രൂപ.
പ്രവൃത്തിമൂല്യം : 4,98,573/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 24.07.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 15.03.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 23.10.2018.
വൈകിയ കാലയളവ് : 143 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 10,185/-രൂപ (4,98,573/-രൂപ X0.1% X143/7).

4. പ്രോജക്ട് നം.SO 189/19-20 മാങ്കോട് മാർക്കറ്റ് നവീകരണം.

അടങ്കൽ തുക-4,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്).
ചെലവ് തുക 3,98,291/- രൂപ (ബിൽ നം. 14/21.06.2019)
കരാറുകാരൻ - ശ്രീ. സയീദ്മസൂദ്. എം.
എഗ്രിമെന്റ്നം. 52/AE/LSGD/PTPM/11.10.2018.
ടി.എസ്. നം. 50970/18-19.
എം.ബുക്ക് നം. 64/18-19.
എഗ്രീഡ് പി.എ.സി. – 3,98,442/-രൂപ.
പ്രവൃത്തിമൂല്യം : 3,98,291/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 11.10.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 20.03.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 10.01.2019.
വൈകിയ കാലയളവ് : 69 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 3,927 /-രൂപ (3,98,442/-രൂപ X,0.1% X,69/7).

5. പ്രോജക്ട് നം.SO 174/19-20അമ്പലമുക്ക് കുറിപ്പള്ളി സർക്കിൾ റോഡ് സൈഡ് വൈഡനിംഗ്.

അടങ്കൽ തുക-5,68,450 / രൂപ -(മെയിന്റനൻസ് ഫണ്ട് റോഡ്).
ചെലവ് തുക -5,68,441/- രൂപ (ബിൽനം.21/21.06.2019)
കരാറുകാരൻ - ശ്രീ. ഷിഹാബുദ്ദീൻ ടി.
എഗ്രിമെന്റ്നം. 36/AE/LSGD/PTPM/05.09.2018.
ടി.എസ്. നം. 32183/18-19.
എം.ബുക്ക് നം. /18-19.
എഗ്രീഡ് പി.എ.സി. 5,68,441.28/-രൂപ.
പ്രവൃത്തിമൂല്യം : 4,68,441/-രൂപ.

പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 05.09.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 22.04.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി – 04.12.2018.
വൈകിയ കാലയളവ് : 139 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 11,288/-രൂപ (5,68,441.28/-രൂപ X 0.1% X 139/7).

6. പ്രോജക്ട് നം.SO 171/19-20,ചീനി ഓഫീസ് -ചാത്തനമ്പലം റോഡ് സൈഡ് വൈഡനിംഗ്, പാർശ്വഭിത്തി നിർമ്മാണം.

അടങ്കൽ തുക-3,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്).
ചെലവ് തുക -2,99,809/- രൂപ (ബിൽ നം. 22/21.06.2019)
കരാറുകാരൻ - ശ്രീ. എ. എം സത്യപാലൻ.
എഗ്രിമെന്റ് നം. 5/AE/LSGD/PTPM/20.07.2018.
ടി.എസ്. നം. - 24014/18-19
എം. ബുക്ക് നം. – 74/18-19.
എഗ്രീഡ് പി.എ.സി. 2,99,809.27/-രൂപ.
പ്രവൃത്തിമൂല്യം : 2,99,809/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 20.07.2018.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28.03.2019.
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി - 19.10.2018.
വൈകിയ കാലയളവ് : 160 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 6,853/-രൂപ (2,99,809.27/-രൂപ X 0.1% X 160/7).

7. പ്രോജക്ട് നം. SO 157/19-20 (138/17-18, SO.159/18-19), വടകംചേരി ഏലാതോട് സൈഡ് വാൾ നിർമ്മാണം.

അടങ്കൽ തുക-5,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് തുക -4,99,731/- രൂപ (ബിൽ നം. 7/03.06.2019)
കരാറുകാരൻ - ശ്രീ. കെ. നാരായണൻ.
എഗ്രിമെന്റ് നം – 20/17-18/AE/LSGD/11.12.2017.
ടി.എസ്. നം. 21390/17-18
എം.ബുക്ക് നം. 83/17-18.
എഗ്രീഡ് പി.എ.സി.- 4,99,731/-രൂപ.
പ്രവൃത്തിമൂല്യം : 4,99,731/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 11.12.2017.
പ്രവൃത്തി പൂർത്തീകരിച്ച തീയതി :24.12.2018 (എം.ബുക്ക് പേജ് നം. 16).
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി 10.03.2018.
വൈകിയ കാലയളവ് : 289 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ : 20,632/-രൂപ (4,99,731/-രൂപ X 0.1% X 289/7).

8. പ്രോജക്ട് നം. SO.158/19-20 (106/17-18, SO 150/18-19), ആദംകോട് കടവ് റോഡ് റീടാറിംഗ് & സൈഡ് കോൺക്രീറ്റ്.

അടങ്കൽ തുക- 14,00,000/ രൂപ -(മെയിന്റനൻസ് ഫണ്ട് റോഡ് ).
ചെലവ് തുക-13,99,917/-രൂപ. (ബിൽ നം. 19/05.07.2018 : 10,35,470/-രൂപ,
ബിൽ നം. 03/29.04.2019 : 1,36,015/-രൂപ,
ബിൽ നം. 15/21.06.2019 : 2,28,432/-രൂപ).
കരാറുകാരൻ - ശ്രീ. എം. എസ്. സുദീശൻ
എഗ്രിമെന്റ്നം. 13/17-18/AE/LSGD/08.12.2017.
ടി.എസ്. നം. 29313/17-18
എം.ബുക്ക് നം. 60/18-19,74/17-18.
എഗ്രീഡ് പി.എ.സി. – 13,99,916.92/-രൂപ.
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം - 3 മാസം.
പ്രവൃത്തി ആരംഭിച്ച തീയതി : 08.12.2017.
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 27.02.2019
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി – 07.03.2018.
വൈകിയ കാലയളവ് : 357 ദിവസം.
ഈടാക്കേണ്ടിയിരുന്ന ഫൈൻ: 71,396/-രൂപ (1399916.92/-രൂപ X 0.1% X 357/7)
ആകെ : 1,64,538/-രൂപ.

അപാകതകൾക്കുമേൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2018-19 കാലയളവിൽ വലിയ വെള്ളപ്പൊക്കത്തിന് കേരളം സാക്ഷ്യം വഹിച്ചതിനാൽ റോഡുകളും തോടുകളും കരകവിഞ്ഞ് ഒഴുകുന്ന സ്ഥിതിയുണ്ടായി എന്നും, ക്വാറികൾ അടഞ്ഞുകിടന്നതിനാൽ നിർമ്മാണവസ്തുക്കൾക്ക് ക്ഷാമമുണ്ടായി എന്നും പ്രസ്തുത സാഹചര്യത്തിൽ കരാറുകാർക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയാതെവന്നുവെന്നും ആയതിനാൽ കരാർ കാലാവധി നീട്ടിനൽകി എന്നും അസി.എഞ്ചിനീയർ വിശദീകരിക്കുന്നു. എന്നാൽ മേൽ പരാമർശിച്ച പ്രകാരമുള്ള കാരണങ്ങൾ ചൂണ്ടിക്കാണിച്ച് നിർമ്മാണ കാലാവധി നീട്ടുന്നതിനായി കരാറുകാർ അപേക്ഷ സമർപ്പിച്ചിരുന്നതായോ, പഞ്ചായത്ത് ഭരണസമിതി അത് പരിഗണിച്ചിരുന്നതായോ രേഖയില്ല. കരാറുകാരന് നിർമ്മാണ പ്രവൃത്തിക്കായി സ്ഥലകൈമാറ്റം നടത്തിയ തീയതി പോലും (പ്രവൃത്തി ആരംഭിച്ചതായി കാണിച്ചിരിക്കുന്ന തീയതി) കണക്കിലെടുക്കാതെ പ്രളയം മൂലമാണ് എല്ലാ പ്രവൃത്തികളും വൈകിയതെന്ന പദ്ധതി നിർവ്വഹണാധികാരിയുടെ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. 1,64,538/-രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. - 18/10.01.2022 .

1-25 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ്. ആയി കുറവ് ചെയ്തില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി. (2%) |
| --- | --- | --- |

| | | |
|---|---|---|
| 1 | നടുക്കുന്ന് നോർത്ത് കട്ടിയ്ക്കാൽ പ്ലാവിള റോഡ് (RC 298397)<br>കരാറുകാരൻ- അബ്ദുൾ റഹ്മാൻ<br>പ്രവൃത്തി മൂല്യം - 4,93,000/-രൂപ<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-3,72,888.50/-രൂപ<br>M Book : 69/19-20 | 7,458/- |
| 2 | നടുക്കുന്ന് നോർത്ത് മാമൂട് നെല്ലിവിളയിൽ റോഡ്(RC 298372)<br>കരാറുകാരൻ- അബ്ദുൾ റഹ്മാൻ<br>പ്രവൃത്തി മൂല്യം - 4,84,000/-രൂപ<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-3,67,094.70/-രൂപ<br>M Book : 75/19-20 | 7,342/- |
| 3 | കാരംമൂട് റോഡ്(RC 295601)<br>കരാറുകാരൻ- അബ്ദുൾ അസീസ്<br>പ്രവൃത്തി മൂല്യം - 3,72,000.45/-രൂപ<br>മെറ്റീരിയൽ ഇനത്തിൽ കരാറുകാരന് നൽകിയ തുക-2,75,009.20/-രൂപ<br>M Book : 94/19-20 | 5,500/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ്. നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും, അങ്ങനെ അടക്കുന്ന ജി.എസ്.റ്റി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

### 1-26 മഴക്കാല പൂർവ ശുചീകരണം-60,000/- രൂപയുടെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2019-20 സാമ്പത്തിക വർഷം മഴക്കാല പൂർവ ശുചീകരണം പ്രവർത്തനത്തിനായി ആകെ 1,90,000/- രൂപ മെഡിക്കൽ ഓഫീസർ പി. എച്ച്. സി, മെഡിക്കൽ ഓഫീസർ സി. എച്ച്. സി. എന്നിവർക്കായി അനുവദിച്ചിട്ടുണ്ട്. 19 വാർഡുകൾക്ക് 10,000/- രൂപ വീതം വാർഡ് തല സമിതിക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിയാണ് മെഡിക്കൽ ഓഫീസർമാർക്കായി അനുവദിച്ചത്. മാങ്കോട് പി. എച്ച്. സിയ്ക്ക് നൽകിയ 40,000/-രൂപയുടെ ചെലവ് വിശദാംശം ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. 30.08.2019 ലെ വൗച്ചർ നമ്പർ 21900524 (ചെക്ക് നമ്പർ 12053 തീ. 30.08.2019) പ്രകാരം പത്തനാപുരം സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ച 1,50,000/- രൂപയിൽ 90,000/- രൂപയുടെ ചെലവ് വിശദാംശങ്ങൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. 60,000/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയില്ല. വാർഡ് 8, വാർഡ് 9, വാർഡ് 11, വാർഡ് 13, വാർഡ് 15, വാർഡ് 18 എന്നീ വാർഡുകൾക്കായി അനുവദിച്ച 60,000/- രൂപയുടെ ചെലവ് വൗച്ചറുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ : 15/10-01-2022 .

### 1-27 തെരുവ് വിളക്ക് പരിപാലനം - കരാർ പ്രകാരമുള്ള തുകയിലും അധികം നല്കി

1. കരാർ പ്രകാരമുള്ള തുകയിലും അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്റ്റ് നം | 148/20 സ്ട്രീറ്റ് ലൈറ്റ്മെയിന്റനൻസ് പുതിയത് സ്ഥാപിക്കലും സാധനസാമഗ്രികൾ വാങ്ങലും.<br>(2018-19ലെ 72/19 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പുതിയത് സ്ഥാപിക്കലും സാധനസാമഗ്രികൾ വാങ്ങലും.) |
| അടങ്കൽ തുക | 3,55,466/-രൂപ<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് 3,55,062/-രൂപ,<br>തനതു ഫണ്ട്- 404/-രൂപ) |
| ചെലവഴിച്ച തുക | 3,44,020/-രൂപ<br>(ബിൽ നം. 2/14-6-19, തുക - 1,68,399/-രൂപ,<br>ബിൽ നം. 6/3-8-19, തുക - 1,75,621/-രൂപ) |

2018-19 ലെ 72/19 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പുതിയത് സ്ഥാപിക്കലും സാധനസാമഗ്രികൾ വാങ്ങലും എന്ന പദ്ധതിയുടെ ഭേദഗതിയില്ലാത്ത സ്പിൽ ഓവർ പദ്ധതിയായാണ് 2019-20ൽ മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2018-19 ൽ 15,00,000/- രൂപ അടങ്കൽ തുകയിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 7,90,540/-രൂപ, തനതു ഫണ്ട് 7,09,460/-രൂപ) അംഗീകരിച്ച നടപ്പിലാക്കിയ പദ്ധതിയിൽ 2018-19 ൽ 11,44,534/- രൂപ ചെലവഴിച്ചിരുന്നു. (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 4,35,478/-രൂപ, തനതു ഫണ്ട് 7,09,056/-രൂപ).

മേൽ പദ്ധതിക്കു വേണ്ടി 2018-19ൽ ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ 14,05,300/-രൂപ (ലേബർ ചാർജ് 4,99,550/-രൂപ, സ്ട്രീറ്റ് ലൈറ്റുപകരണങ്ങൾ 9,05,750/-രൂപ) രേഖപ്പെടുത്തിയ എ.എം.ആർ ഫർണീച്ചർ, പത്തനാപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 22-11-18ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് സാധനസാമഗ്രികൾ വാങ്ങലും മെയിന്റനൻസും ഉൾപ്പെടെ 14,05,300/- രൂപയ്ക്ക് 2018 നവംബർ 27 മുതൽ 2019 നവംബർ 26 വരെയുള്ള ഒരു വർഷകാലയളവിലേക്കായിരുന്നു ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടിരുന്നത്.

കരാർ കാലയളവിൽ ടി പദ്ധതിക്കായി ചെലവഴിച്ച 14,88,554/- രൂപയിൽ 2018-19 വർഷം സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവഴിച്ച 9,35,093/- രൂപയും, ലേബർ ചാർജിനത്തിൽ 2018-19ൽ ചെലവഴിച്ച 2,09,441/-രൂപയും 2019-20ൽ 3,44,020/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. അംഗീകരിച്ച കരാറിൽ നിന്നും വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനായി 29,343/- രൂപയും (935093-905750) ലേബർ ചാർജിനത്തിൽ 53,911/-രൂപയും (553461-499550) അധികം ചെലവഴിച്ചതിന്റെ കാരണം അന്വേഷിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അംഗീകരിച്ച ടെണ്ടറിൽ നിന്നും അധികമായി ചെലവഴിച്ച 83,254/- (29343+53911) രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി യഥാഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം 9/6-1-22.
നിരാകരിക്കുന്ന തുക 83,254/-രൂപ.

2. <u>തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.</u>

(എ) ഓരോ പോസ്റ്റിലെയും മെയിന്റനൻസ് ചാർജ് ആയി നല്കിയിരിക്കുന്ന തുകയെ സംബന്ധിച്ച് കൃത്യത വരുത്തിയിട്ടില്ല. സാധനസാമഗ്രികൾ സപ്ലൈ ചെയ്യുന്നതും മെയിന്റനൻസ് നടത്തുന്നതും ഒരേ കരാറുകാരൻ ആയതിനാൽ മെയിന്റനൻസ് ചാർജ് നിശ്ചയിച്ച രീതിയും ഉപകരണങ്ങൾ ഇഷ്യു ചെയ്യുന്ന രീതിയും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

(ബി) സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് എൻട്രി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ മെയിന്റനൻസിനായി ഉപയോഗിച്ചവയുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. കൂടാതെ കരാർ കാലയളവിൽ പ്രത്യേക കമ്മിറ്റി തീരുമാനമെടുത്ത് (17-7-119ലെ 11(5) ക്വട്ടേഷൻ ക്ഷണിച്ച് എ.എം.ആർ. ഫർണീച്ചറിൽ നിന്ന് തന്നെ 25,000/- രൂപയുടെ തെരുവ് വിളക്കുപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ടി സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കരാർ നിലനിൽക്കെ കരാർ കാലയളവിൽ സാധനങ്ങൾ പ്രത്യേകം വാങ്ങിയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം കെ.എസ്.ഇ.ബി. അധികൃതരും തദ്ദേശ

സ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തി പോസ്റ്റ് നം. സഹിതം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പരാതി രേഖപ്പെടുത്തുന്നതിനായി കോണ്ടാക്റ്റ് നമ്പറുകൾ പരസ്യപ്പെടുത്തേണ്ടതും, തെരുവുവിളക്കുകളുടെ സ്ഥാപിക്കൽ, പരിപാലനം എന്നിവ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കി സൂക്ഷിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പരാതി രജിസ്റ്റർ വച്ചിട്ടില്ല.

1-28 വരൾച്ചാ ദുരിതാശ്വാസം - കുടി വെള്ളവിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 166/20 വരൾച്ചാ ദുരിതാശ്വാസം കുടി വെള്ളവിതരണം (സ്പിൽ ഓവർ) |
| അടങ്കൽ തുക | 4,00,000/-രൂപ (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | 1,74,888/-രൂപ (ചെക്ക് നം. 11744/1-8-19) |

മേൽ പദ്ധതി വഴി ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ 1,74,888/- രൂപ ശ്രീ. സജീവ്, തെങ്ങുവിളയിൽ എന്ന വ്യക്തിക്ക് നല്കിയിരുന്നു. (27-3-19 ലെ 2(2) കമ്മിറ്റി തീരുമാനം). 2439 കി.മീ ന് 72/- രൂപ നിരക്കിലാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ കുടി വെള്ള വിതരണത്തിനായി ശ്രീ. സജീവിന് 1,74,888/-രൂപ കൈമാറിയതിന്റെ ബില്ലും പദ്ധതിയുടെ നോട്ട് ഫയലും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പദ്ധതി പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിക്ക് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളോ ലഭിച്ച ക്വട്ടേഷനുകളോ ഓഡിറ്റിന് ഹാജരാക്കിയില്ല. കുടിവെള്ള വിതരണം സംബന്ധിച്ച് 27-3-19ലെ കമ്മിറ്റി തീരുമാനത്തിൽ ചുവടെ ചേർക്കും പ്രകാരമാണ് തീരുമാനമെടുത്തിരിക്കുന്നത്.

> "കുടിവെള്ള വിതരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. സജീവ്. എൻ തെങ്ങുവിളയിൽ എന്നയാൾ 5000ലി./1 കി.മി./ 72/-രൂപ എന്ന നിരക്കും തെങ്ങുവിളയിൽ എജൻസീസ് എന്ന സ്ഥാപനം 3000ലി./1 കി.മി./80/-രൂപ എന്ന നിരക്കും ക്വോട്ട് ചെയ്തതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സജീവ്. എൻ തെങ്ങുവിളയിൽ എന്നയാളുടെ 5000ലി./1 കി.മി./ 72/-രൂപ എന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കരാർ വയ്ക്കുന്നതിനും, വാട്ടർ അതോറിറ്റിയിൽ നിന്നും കുടിവെള്ളം ലഭ്യമാകുന്ന മുറയ്ക്ക് നിലവിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ കിയോസ്കിലും കൂടാതെ മെമ്പർമാർ കുടിവെള്ള വിതരണം നടത്തണമെന്ന് ആവശ്യപ്പെടുന്ന സ്ഥലങ്ങളിലും കുടിവെള്ള വിതരണം നടത്തുന്നതിനും തീരുമാനിച്ചു." കൂടാതെ തീരുമാനം നം. 3 ൽ വിതരണം ചെയ്യുന്ന വാഹനത്തിനായി ജി.പി.എസ്. ഘടിപ്പിക്കുന്നതിനായി ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത എം.എം. അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന്റെ 1,000/-രൂപ/മാസം എന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച തീരുമാനിച്ചു എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ലഭിച്ച ക്വട്ടേഷനുകൾ ഹാജരാക്കാത്തതിനാൽ സജീവ്. എൻ, തെങ്ങുവിളയിൽ എന്ന പേരിലുള്ള ക്വട്ടേഷനും തെങ്ങുവിളയിൽ ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനും വ്യത്യസ്ത വ്യക്തികളുടേതാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ജി.പി.എസ്. സംവിധാനമുള്ള വാഹനമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പകരം ലഭിച്ച വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനായി വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും തുക ചെലവഴിച്ചതിന്റെയും കാരണവും ബോധ്യപ്പെട്ടിട്ടില്ല.

2. വാട്ടർ അതോറിറ്റിയുടെ ഏത് പമ്പിൽ നിന്നാണ് വിതരണത്തിനായി കുടിവെള്ളം ശേഖരിച്ചതെന്നതിന്റെ രേഖകളോ, എത്ര ടാങ്ക്/ലിറ്റർ/ട്രിപ്പ് വെള്ളം പത്തനാപുരം ഗ്രാമപഞ്ചായത്തിന് വിതരണത്തിന് നല്കിയെന്നതിന്റെ വാഹന നമ്പർ ഉൾപ്പെടെയുള്ള വാട്ടർ അതോറിറ്റി എ.ഇ.യുടെ സാക്ഷ്യപത്രമോ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3. ഏതൊക്കെ വാർഡുകളിൽ/സ്ഥലങ്ങളിൽ കുടിവെള്ള വിതരണം നടത്തിയെന്നതിന്റെ വാർഡ് മെമ്പർ, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകളോ മോണിറ്ററിംഗ് റിപ്പോർട്ടോ ഹാജരാക്കിയിട്ടില്ല.

മേൽ വിവരങ്ങളും കുടിവെള്ളവിതരണം നടത്തിയ വാഹനത്തിന്റെ ജി.പി.എസ്. സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള

രേഖകളും ജി.പി.എസ് ഘടിപ്പിക്കുന്നതിന് തുക ചെലവഴിച്ചതിന്റെ കാരണവും ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം KL33F8762 എന്ന വാഹനത്തിന്റെ 5-4-19 മുതൽ 12-4-19 വരെയുള്ള ജി.പി.എസ്. സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. മറുപടിയിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും തുക ചെലവഴിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം സംബന്ധിച്ച് മേൽ സൂചിപ്പിച്ച രേഖകളും KL33F8762 എന്ന വാഹനത്തിൽ വിതരണത്തിന് ജലം നല്കിയതിന്റെ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം 9/6-1-22

തടസ്സപ്പെടുത്തുന്ന തുക 1,74,888/-രൂപ .

1-29 മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 8/20 മൃഗാശുപത്രിക്ക് മരുന്നുവാങ്ങൽ |
| അടങ്കൽ തുക | 5,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവഴിച്ച തുക | 5,00,000/-രൂപ (ബിൽ നം 4/ 29-7-19) |

വെറ്ററിനറി ആശുപത്രിക്ക് ആവശ്യമായ മരുന്നുകളും അനുബന്ധസാമഗ്രികളും വകുപ്പിൽ നിന്നും ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ വകുപ്പിൽ നിന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണവകുപ്പിലെ നടപടിക്രമങ്ങൾ പ്രകാരം മരുന്നുകൾ വാങ്ങിക്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ വകുപ്പിൽ നിന്നുള്ള നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ 5,00,000/-രൂപയുടെ മരുന്ന് നീതി സ്റ്റോറിൽ നിന്നും ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങിയിരിക്കുകയാണ്. നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും വെറ്ററിനറി മരുന്ന് വാങ്ങുന്നത് സംബന്ധിച്ച 1-2-17ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 14-2-18ലെ സബ്സിഡി മാർഗ്ഗരേഖയിൽ ടി വിവരം ഉൾപ്പെട്ടിട്ടില്ല. മാർഗ്ഗരേഖാവിരുദ്ധമായി ചെലവഴിച്ച 5,00,000/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 14/10.01.2022

തടസ്സപ്പെടുത്തുന്ന തുക-5,00,000/-രൂപ.

1-30 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം - പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 1) 34/20 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം<br>2) 151/20 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം (സ്പിൽ ഓവർ) |
| അടങ്കൽ തുക | 1) 2,00,000/-രൂപ (വികസന ഫണ്ട് ജനറൽ)<br>2) 1,20,802/-രൂപ (വികസന ഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 1) 199974/-രൂപ<br>(ബിൽ നം. 5/31-8-19, തുക 69,782/-രൂപ,<br>ബിൽ നം. 6/31-8-19, തുക 35,526/-രൂപ,<br>ബിൽ നം. 8/31-1-20, തുക 15,124/-രൂപ,<br>ബിൽ നം. 8/31-1-20, തുക 45,000/-രൂപ,<br>ബിൽ നം. 10/31-1-20, തുക 29.820/-രൂപ,<br>ബിൽ നം. 11/31-1-20, തുക 4,722/-രൂപ).<br>2) 1,20,798/-രൂപ (ബിൽ നം 2/15-5-19). |

തെരുവ് നായ്ക്കളുടെ വന്ധ്യംകരണം നടപ്പിലാക്കുന്നതിന് വേണ്ടി മേൽ രണ്ട് പദ്ധതികൾ വഴിയും യഥാക്രമം

1,99,974/-, 1,20,798/- എന്നീ തുകകൾ അടിസ്ഥാന സൗകര്യങ്ങൾക്കായി (മരുന്ന് അനുബന്ധ സാധനങ്ങൾ, തീറ്റ, വാഹനക്കൂലി) ചെലവഴിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകളോ സാക്ഷ്യപത്രമോ മോണിറ്ററിംഗ് റിപ്പോർട്ടോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 3,20,772/- (199974+120798) രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 14/10.01.2022.

തടസ്സപ്പെടുത്തുന്ന തുക-3,20,772/-രൂപ.

1-31 പാലിയേറ്റീവ് കെയർ പ്രോഗ്രാം - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോഗ്രാം പദ്ധതിയിൽ (15/20, അടങ്കൽ തുക 5,00,000/-രൂപ, വികസനഫണ്ട് ജനറൽ) മരുന്ന് വാങ്ങുന്നതിനായി 1,30,000/-രൂപ (ബിൽ നം. 19/23.03.2020) കെ.എം.എസ്.സി.എല്ലിന് നല്കിയതിൽ 14,705/- രൂപയുടെ മരുന്നുകൾ നിലവിലും ലഭ്യമായിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലുൾപ്പെടുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-32 മൃഗാശുപത്രി അടിസ്ഥാന സൗകര്യം - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നം. | 150/20 മൃഗാശുപത്രി അടിസ്ഥാന സൗകര്യം (സ്പിൽ ഓവർ) |
| അടങ്കൽ തുക | 13,300/-രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവഴിച്ച തുക | 13,000/-രൂപ (ബിൽ നം. 3/13-10-19). |

മേൽ പദ്ധതിക്കായി 13,000/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 13,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. 14/10.01.2022.

തടസ്സപ്പെടുത്തുന്ന തുക – 13,000/-രൂപ.

1-33 വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ് |
| പ്രോജക്റ്റ് നം | 11/20 വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം |
| അടങ്കൽ തുക | 9,02,400/-രൂപ<br>(വികസനഫണ്ട് ജനറൽ – 1,52,400/-രൂപ,<br>തനതു ഫണ്ട് – 7,50,000/-രൂപ) |
| ചെലവഴിച്ച തുക | 8,23,680/-രൂപ<br>(ബിൽ നം. 3/27-11-19, തുക - 1,42,905/-,<br>ബിൽ നം. 4/18-2-20, തുക – 9,495/-)<br>(ചെക്ക് നം. 2844650/27-11-19, തുക – 21,765/-രൂപ,<br>ചെക്ക് നം. 2844574/25-2-20, തുക – 161835/-രൂപ,<br>ചെക്ക് നം. 2844694/27-3-20, തുക – 2,03,175/-രൂപ,<br>ചെക്ക് നം. 2844656/30-12-19, തുക – 1,61,205/-രൂപ,<br>ചെക്ക് നം. 2844669/4-2-20, തുക – 1,23,300/-രൂപ) |

മേൽ പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ട 5 സ്കൂളുകളിലും പ്രഭാത ഭക്ഷണം പാചകക്കാർ പാചകം ചെയ്ത് സ്കൂളിൽ കൊണ്ട് വന്ന് വിതരണം ചെയ്യുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. (പദ്ധതിയിൽ നടത്തിപ്പ്

രീതി വ്യക്തമാക്കിയിട്ടില്ല). ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ (പലചരക്ക്, പച്ചക്കറി, പഴം, പാൽ, മുട്ട, ചിക്കൻ, അപ്പം, പൂരി, ചപ്പാത്തി എന്നിവ വാങ്ങിയതിന്റെ ബില്ലുകൾ),പാചകക്കൂലി, വിറക്/ഗ്യാസ്, പൊടിപ്പ് കൂലി/ആട്ട് കൂലി, വാഹന ചാർജ് എന്നീയിനങ്ങളിൽ തുക ചെലവഴിച്ചതിന്റെ വൗച്ചറുകൾ ഹാജരാക്കിയാണ് തുക പിൻവലിച്ചിട്ടുള്ളത്. എന്നാൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, പാചകത്തിന് ആളെ നിയമിച്ചതിന്റെ രേഖകൾ, പാചകക്കാർക്ക് കൂലി നിർണ്ണയിച്ചതിന്റെ മാനദണ്ഡം, ഭക്ഷണവിതരണത്തിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കിയ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 8,23,680/-രൂപ തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ച നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ രേഖകൾ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എൻക്വയറി നം 24/12-1-22.

തടസ്സപ്പെടുത്തുന്ന തുക-8,23,680/-രൂപ .

1-34 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി, ഹെഡ്മിസ്ട്രസ് എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട്/ നിർവ്വഹണോ ദ്യോഗസ്ഥൻ | ചെലവഴിച്ച തുക (₹) (ബിൽ നം), | തടസ്സപ്പെടുത്തുന്ന തുക/വിനിയോഗ സാക്ഷ്യപത്രം ലഭിക്കാനുള്ള തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 21/20 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>തനതു ഫണ്ട് 3,00,000/- രൂപ സെക്രട്ടറി | 2,64,517/-<br>(വൗച്ചർ നം 21900749/17-10-19 തുക 11,961/-,<br>വൗച്ചർ നം 21901160/6-2-20 തുക 70,729/-,<br>വൗച്ചർ നം 21901207/26-2-20 തുക 34,390/-,<br>വൗച്ചർ നം 21901286/111-3-20തുക 1,47,347/-) | 1,08,562/- | പ്രവർത്തി പൂർത്തീകരിച്ച തിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 2 | 22/20 എെ.കെ.എം. പ്രവർത്തനഫണ്ട്, വികസനഫണ്ട് - 1,12,300/-രൂപ<br>സെക്രട്ടറി | 1,12,300/- (ബിൽ നം 11/4-9-11) | 1,12,300/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 3 | 202/20 ജീവനം ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ,<br>തനത് ഫണ്ട് 1,00,000/-രൂപ സെക്രട്ടറി | 1,00,000/- (ചെക്ക് നം 2844642/17-10-19) | 1,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 4 | എസ്.എസ്.എ. വിഹിതം നല്കൽ, വികസനഫണ്ട് 3,00,000/-രൂപ ഹെഡ്മിസ്ട്രസ് | 3,00,000/- (ബിൽ നം. 2/20-8-19) | 3,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| | | ആകെ | 6,20,862/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി

തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരം സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം 9/6-1-22.

തടസ്സപ്പെടുത്തുന്ന തുക - 6,20,862/-രൂപ (320862+300000)

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണയിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വെവ്വേറെ നമ്പർ നൽകി ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കാമെന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണയിച്ച ഫയലുകൾ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കാക്കി വസ്തുനികുതി നിർണയിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) ജയിംസ് വർഗീസ് ഉഴത്തിൽ, അൻജയ, ശാലേംപുരം, പത്തനാപുരം എന്ന വ്യക്തിയുടെ അപേക്ഷ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 16 /746, 16 /747 ,16 /748, 16 /749 എന്നീ നമ്പറുകൾ അനുവദിച്ച് വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. താഴത്തെ നില 205.89 എം സ്ക്വയർ (16 /746-102.92എം സ്ക്വയർ, 16 /747-107.57എം സ്ക്വയർ) ഒന്നാം നില 215.15 എം സ്ക്വയർ (16 /748-102.94എം സ്ക്വയർ, 16 /749-107.57എം സ്ക്വയർ)ആകെ 421 എം സ്ക്വയർ ന്റെ വസ്തുനികുതിയാണ് നിർണ്ണയിച്ചിട്ടുള്ളത്( Rs. 24634+LC). എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 447.91 എം സ്ക്വയർ ആണ്. കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ട 26.91എം സ്ക്വയർ തറ വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. അതായത് വാർഷിക കെട്ടിട നികുതി കണക്കാക്കുന്നതിൽ 1534+LC രൂപയുടെ ( 26.91എം സ്ക്വയർ * 50/- + (20% വർദ്ധനവ് , വഴി സൗകര്യം) - ബഹുനിലകെട്ടിടം 5% ഇളവ് ) നഷ്ടം ഉണ്ടായിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം. 19/11.01.2022

വരവ് നഷ്ടം – ₹ 1534 + LC

2) നസീർ/റജീന ബീഗം, നസീർ ബിൽഡിംഗ് കുണ്ടയം എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷപ്രകാരം 13/667 മുതൽ 13/672 വരെയുള്ള കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ട 52.36എം സ്ക്വയർ തറവിസ്തീർണ്ണത്തിന് നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം വസ്തു നികുതി നിർണയിച്ച തറവിസ്തീർണ്ണം (എം സ്ക്വയർ) + കെട്ടിട നികുതി | പ്ലാൻ പരിശോധിച്ചതിൽ ഭിത്തി കനം ഉൾപ്പെടെയുള്ള തറവിസ്തീർണ്ണം (എം സ്ക്വയർ) + നിർണയിക്കേണ്ടിയിരുന്ന കെട്ടിട നികുതി | വസ്തുനികുതി നിർണയത്തിലെ കുറവ് |
|---|---|---|---|
| GF (ഭൂനിരപ്പ് നില) തറവിസ്തീർണ്ണം * 50/- (10% ഇളവ്,മേഖല + 20% വർദ്ധനവ്, വഴി സൗകര്യം) | | | |
| 13/667 | 25.85എം സ്ക്വയർ, Rs. 1422 + LC | 27.97 എം സ്ക്വയർ Rs. 1539 + LC | Rs. 117 + LC |
| 13/668 | 16.74എം സ്ക്വയർ Rs. 921 + LC | 17എം സ്ക്വയർ Rs. 935 + LC | Rs. 14 + LC |

| | | | |
|---|---|---|---|
| 13/669 | 21.22എം സ്ക്വയർ<br>Rs. 1168 + LC | 24.05എം സ്ക്വയർ<br>Rs. 1323 + LC | Rs. 155 + LC |
| 13/670 | 12.23എം സ്ക്വയർ<br>Rs. 673+ LC | 13.47എം സ്ക്വയർ<br>Rs. 741 + LC | Rs. 68 + LC |
| 13/671 | 13.14എം സ്ക്വയർ<br>Rs. 723+ LC | 15.40എം സ്ക്വയർ<br>Rs. 847 + LC | Rs. 124 + LC |
| കെട്ടിടത്തിനുള്ളിലെ പൊതുവായ ഉപയോഗം (Toilet) | - | 4.04എം സ്ക്വയർ<br>Rs. 222 + LC | Rs. 222 + LC |
| കെട്ടിടനികുതി(ഭൂനിരപ്പ് നില ) നിർണയിച്ചിട്ടില്ലാത്ത ഭാഗം (കംപ്ലീഷൻ പ്ലാൻ പ്രകാരം) | - | 12.95എം സ്ക്വയർ<br>Rs. 713 + LC | Rs. 713 + LC |
| ആകെ | 89.18എം സ്ക്വയർ<br>Rs.4907 + LC | 114.88എം സ്ക്വയർ<br>Rs.6320 + LC | Rs. 1413 + LC |
| FF(ഒന്നാം നില) തറവിസ്തീർണ്ണം * 40/-, ഓഫീസ് + (10% ഇളവ്,മേഖല + 20% വർദ്ധനവ്, വഴി സൗകര്യം) - ബഹുനിലകെട്ടിടം 5% ഇളവ് | | | |
| 13/672 | 48 എം സ്ക്വയർ<br>Rs.2007 + LC | 53.56എം സ്ക്വയർ<br>Rs.2238 + LC | Rs. 231 + LC |
| കെട്ടിടത്തിനുള്ളിലെ പൊതുവായ ഉപയോഗം (Toilet- 4Nos) | - | 10.12എം സ്ക്വയർ<br>Rs.467+ LC | Rs. 467 + LC |
| സ്റ്റെയർ കാബിൻ | - | 10.98എം സ്ക്വയർ<br>Rs.459 + LC | Rs. 459 + LC |
| ഒന്നാം നില കെട്ടിടനികുതി നിർണ്ണയത്തിലെ വ്യത്യാസം | 48എം സ്ക്വയർ<br>Rs.2007 + LC | 74.66എം സ്ക്വയർ<br>Rs.3164+ LC | |
| | വ്യത്യാസം | 3164-2007=1157+ LC | |
| ആകെ (ഒന്നാംനില + ഭൂനിരപ്പ് നില) | 137.18 എം സ്ക്വയർ<br>Rs.6914+LC | 189.54 എം സ്ക്വയർ<br>Rs.9484 +LC | Rs. 2570 + LC |

മേൽ കെട്ടിടത്തിന് വിവിധ നമ്പറുകൾ അനുവദിച്ചപ്പോൾ 52.36എം സ്ക്വയർ (189.54-137.18) തറ വിസ്തീർണ്ണത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. അതായത് വാർഷിക കെട്ടിട നികുതി കണക്കാക്കുന്നതിൽ 2570+LC രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയം സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വേറെ വേറെ നമ്പർ നൽകുന്നുവെങ്കിൽ ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കണം. കൂടാതെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണെന്നിരിക്കെ ചട്ടപ്രകാരം കൃത്യമായ വസ്തുനികുതി നിർണ്ണയം നടത്താത്തത് പഞ്ചായത്തിന്റെ വരുമാനനഷ്ടത്തിന് ഇടയാക്കുന്നുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളുടെ നികുതി നിർണയത്തിൽ

ഉണ്ടായ വീഴ്ചയ്ക്കു വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ ഗണത്തിനനുസൃതമായി വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ഇത്തരത്തിൽ തെറ്റായ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ കെട്ടിട നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുൻകാല പ്രാബല്യത്തോടെ തുക ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 26/12.01.2022
ആകെ വരവ് നഷ്ടം – 4104(1534+ 2570)+5%LC =4309/- രൂപ.

2-2 കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം) അനുവദനീയമായതിലും അധികം വ്യാപ്തി (കവറേജ്) ഉണ്ടായിരുന്നിട്ടും നിയമാനുസൃത കെട്ടിടനമ്പർ അനുവദിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള 15-ാം വാർഡിലെ സി.എ. സ്കറിയ, മല്ലേൽ ചരുവിളയിൽ, പുതുവൽ, പത്തനാപുരം എന്ന മേൽവിലാസത്തിൽ 15/155, 15/156, 15/157 എന്നീ നമ്പറുകളിൽ പാർട്ടീഷൻ ചെയ്ത് 28 ഷോപ്പ് മുറികൾ/ ഓഫീസ് മുറികളായി പരിഗണിച്ച് വെവ്വേറെ വസ്തു നികുതി നിർണയിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട് (കെട്ടിടത്തിന് പുതിയ കൂട്ടിച്ചേർക്കൽ വരുത്തിയ വിവരം അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ല). പ്രസ്തുത വസ്തു നികുതി നിർണയങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

1) കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം) അനുവദനീയമായതിലും അധികമായി വ്യാപ്തി ഉണ്ടായിട്ടും നിയമാനുസൃത കെട്ടിടനമ്പർ നൽകിയിരിക്കുന്നു .

2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പട്ടിക(2) പ്രകാരം കാറ്റഗറി I വിഭാഗത്തിൽ പെടുന്ന പഞ്ചായത്തുകളിലെ കാറ്റഗറി F-ൽ (കച്ചവടം, വാണിജ്യം)-പെടുന്ന കെട്ടിടങ്ങളുടെ പരമാവധി അനുവദനീയമായ വ്യാപ്തി (Coverage) 70 ആണെന്നിരിക്കെ 83% വ്യാപ്തിയുള്ള നിർമ്മിതിക്ക് U/A നമ്പർ അനുവദിക്കുന്നതിന് പകരം അംഗീകൃത കെട്ടിടനമ്പരുകൾ നൽകിയിരിക്കുന്നു

സഞ്ചയ പ്രകാരമുള്ള പഴയ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം

GF (ഭൂനിരപ്പ് നില) -300 ച.മീ.

FF (ഒന്നാം നില) - 300 ച.മീ.

SF (രണ്ടാം നില) - 300 ച.മീ.

വ്യാപ്തി = ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർണ്ണം/പ്ലോട്ട് വിസ്തീർണ്ണം X 100

വ്യാപ്തി =300/728 X100=41.2%

പുതുക്കിയ പ്ലാൻ പ്രകാരം ഉള്ള തറ വിസ്തീർണ്ണം

GF (ഭൂനിരപ്പ് നില) -523.39.ച.മീ

FF (ഒന്നാം നില) - 605.15 ച.മീ.

SF (രണ്ടാം നില) - 605.15 ച.മീ.

സ്റ്റെയർ റൂം - 32.69 ച.മീ.

ആകെ – 1766.38 ച.മീ

പ്ലോട്ട് വിസ്തീർണ്ണം – 728.ച.മീ.
(തണ്ടപ്പേർ & സർവ്വേ നമ്പർ 18733/3083/2- 3.24ആർ, 18734/3083/2- 4.04ആർ)

വ്യാപ്തി = ഏതൊരു നിലയിലെയും പരമാവധി നിർമ്മിത വിസ്തീർണ്ണം/പ്ലോട്ട് വിസ്തീർണ്ണം X 100

വ്യാപ്തി = 605.15/728 X100=83.125% =83% (അനുവദനീയം = 70)

മേൽ കെട്ടിടത്തിന്റെ പെർമിറ്റ് ഫയൽ ലഭ്യമാക്കുവാൻ ഓഡിറ്റ് റിക്വസിഷനിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി ഉൾപ്പെടുത്തിയില്ല

കെട്ടിടത്തിന് പാർട്ടീഷൻ ചെയ്ത ഷോപ്പ് മുറികൾ/ഓഫീസ് മുറികൾ ആക്കുന്നതിനായി 28 നമ്പരുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുള്ളത് പ്രകാരം നമ്പരുകൾ അനുവദിച്ചപ്പോൾ മൂന്ന് നിലകളിലുമായി പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗത്തിന്റെ തറവിസ്തീർണ്ണം കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയം സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വേറെ വേറെ നമ്പർ നൽകുന്നുവെങ്കിൽ ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കണം. കൂടാതെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

എന്നാൽ പ്രസ്തുത കെട്ടിടത്തിന് മൂന്ന് നിലകളിലുമായി പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ടോയിലറ്റ്, സ്റ്റയർ റൂം, പാസ്സേജുകൾ എന്നിവയുടെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് വസ്തു നികുതി കണക്കാക്കിയിട്ടില്ല. 13.01.2022 ൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ മേൽനോട്ടത്തിൽ നടന്ന സ്ഥല പരിശോധനാ റിപ്പോർട്ട് പ്രകാരം ഷോപ്പ് മുറികൾ/ഓഫീസ് മുറികളുടെ തറ വിസ്തീർണ്ണം, പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ടോയിലറ്റ്, സ്റ്റയർ റൂം, പാസ്സേജുകൾ (ആകെ പാസ്സേജ് വിസ്തീർണ്ണത്തിൽ നിന്നും പാർക്കിംഗ് ഏരിയ, വോയിഡ് സ്പെയ്സ് , ഓപ്പൺ പാസ്സേജ് എന്നിവയുടെ തറ വിസ്തീർണ്ണം കുറവ് ചെയ്തു.) എന്നിവ ഉൾപ്പെടെ 1466.29 എം സ്ക്വയർ തറ വിസ്തീർണ്ണത്തിന്റെ നികുതിയാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ മൂന്ന് നിലകളിലുമായി ഷോപ്പ് മുറികൾ/ഓഫീസ് മുറികളുടെ ആകെ തറ വിസ്തീർണ്ണമായ 1214.96 എം സ്ക്വയർ മാത്രമേ കണക്കാക്കിയിട്ടുള്ളൂ. 251.4 എം സ്ക്വയർ (1466.29-1214.96) തറ വിസ്തീർണ്ണം വസ്തുനികുതി നിർണ്ണയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

അനുവദിനീയമായ വ്യാപ്തിയുടെ പരിധി പാലിക്കാതെ നിർമ്മിക്കപ്പെട്ട കെട്ടിടം ക്രമവത്കരിക്കുവാൻ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134 ഖണ്ഡിക 2 ലെ വ്യവസ്ഥ പ്രകാരം സെക്രട്ടറിക്ക് അധികാരമില്ല. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം വസ്തു നികുതി നിർണയിക്കാതിരുന്നതിന് വിശദീകരണം ഓഡിറ്റ് എൻക്വയറി മറുപടി ലഭ്യമാക്കിയിട്ടില്ല.

235എഎ(1) വകുപ്പ് പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203 വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതാണ്.

മേൽ കെട്ടിടത്തിലെ വസ്തുനികുതി നിർണയിച്ചതിൽ 15/1140 മുതൽ 15/1148 വരെയുള്ള കടമുറികൾക്ക് കാലപ്പഴക്കത്തിന്റെ 10% ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ഗ്രൗണ്ട് ഫ്ലോറിലുള്ള 15/1149 മുതൽ 15/1156 വരെയുള്ള കടമുറികൾക്ക് കാലപ്പഴക്കത്തിനുള്ള ഇളവ് നൽകിയിട്ടില്ല. അതുപോലെതന്നെ ഒന്നാമത്തെ നിലയിലുള്ള 15/1157 മുതൽ 15/1160 വരെയുള്ള 4 കടമുറികൾക്കും കാലപ്പഴക്കത്തിനുള്ള ഇളവ് നൽകിയിട്ടില്ല.

എന്നാൽ രണ്ടാം നിലയിൽ 15/1161 മുതൽ 15/1167 വരെയുള്ള 7 കടമുറികളാണുള്ളത് ഇവയ്ക്ക് എല്ലാം തന്നെ കാലപ്പഴക്കത്തിന്റെ 10% ഇളവ് നൽകിയിട്ടുണ്ട്. ഒന്നാം നിലയ്ക്കില്ലാത്ത കാലപ്പഴക്കത്തിന്റെ ഇളവ് രണ്ടാം നിലയ്ക്ക് നൽകിയിരിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. കാലപ്പഴക്കത്തിന്റെ ഇളവ് ഒഴിവാക്കി രണ്ടാം നിലയ്ക്ക് വസ്തുനികുതി നിർണയിക്കുമ്പോൾ 15/1161 മുതൽ 15/1167 വരെയുള്ള 7 കടമുറികൾക്ക് 24122/-രൂപ (LC

ഉൾപ്പെടെ) (22,122/-രൂപ സഞ്ചയ പ്രകാരം) നികുതി അടവാക്കേണ്ടതുണ്ട്.

| കെട്ടിടത്തിന്റെ നില | സഞ്ചയ പ്രകാരം വസ്തുനികുതി ( LC ഉൾപ്പെടെ) | രണ്ടാം നിലയ്ക്ക് കാലപ്പഴക്കത്തിന്റെ ഇളവ് ഒഴിവാക്കിയുള്ള വസ്തുനികുതി ( LC ഉൾപ്പെടെ) |
|---|---|---|
| GF (ഭൂനിരപ്പ് നില) 361.21 M2 | 21651/- | 21651/- |
| FF (ഒന്നാം നില) 428.27m2 | 25637/- | 25637/- |
| SF (രണ്ടാം നില) 425.42m2 | 22122/- | 24122/- |
| ആകെ | 69410/- | 71410/- |

മൂന്ന് നിലകളിലുമായി ഷോപ്പ് മുറികൾ / ഓഫീസ് മുറികളുടെ ആകെ തറ വിസ്തീർണ്ണമായ 1214.96 എം സ്ക്വയർ മാത്രമേ കണക്കാക്കിയിട്ടുള്ളൂ. ഷോപ്പ് മുറികൾ / ഓഫീസ് മുറികളുടെ തറ വിസ്തീർണ്ണം, പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ടോയിലറ്റ്, സ്റ്റെയർ റൂം, പാസ്സേജുകൾ (ആകെ പാസ്സേജ് വിസ്തീർണ്ണത്തിൽ നിന്നും പാർക്കിംഗ് ഏരിയ, വോയിഡ് സ്പെയ്സ് , ഓപ്പൺ പാസ്സേജ് എന്നിവയുടെ തറ വിസ്തീർണ്ണം കുറവ് ചെയ്തു.) എന്നിവ ഉൾപ്പെടെ 1466.29എം സ്ക്വയർ തറ വിസ്തീർണ്ണത്തിന്റെ നികുതിയാണ് നിർണ്ണയിക്കേണ്ടിയിരുന്നത്. 251.4എം സ്ക്വയർ (1466.29-1214.96) തറ വിസ്തീർണ്ണം മൂന്ന് നിലകളിലായി വസ്തുനികുതി നിർണ്ണയത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

| കെട്ടിടത്തിന്റെ നില | സഞ്ചയപ്രകാരം നികുതി കണക്കാക്കിയ തറ വിസ്തീർണ്ണം | സ്ഥല പരിശോധനയിലുള്ള തറവിസ്തീർണ്ണം (എം സ്ക്വയർ) | വിത്യാസമുള്ള തറവിസ്തീർണ്ണത്തിന്റെ നികുതി (LC ഉൾപ്പെടെ) |
|---|---|---|---|
| GF (ഭൂനിരപ്പ് നില) | 361.21 M2 | 428.17m2 | 66.96m2<br>66.96*50 +(വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് ) = 4219/- |
| FF (ഒന്നാം നില) | 428.27m2 | 499.18m2 | 70.91m2*50 +(വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് ) -5% ഇളവ് ഒന്നാം നില)=4244/- |
| SF (രണ്ടാം നില) | 425.42m2 | 506.25+32.69 (Stair Room)=538.94 | 113.52m2*50 +(വഴിസൗകര്യം (5മീറ്ററിൽ കൂടുതൽ) അടിസ്ഥാനത്തിലുള്ള (20%) വർദ്ധനവ് ) -10% ഇളവ് രണ്ടാം നില)= 6437/- |
| ആകെ | 1214.96m2 | 1466.29m2 | 251.4m2ന് 14900/-(4219+4244+6437) |

$1466m^2$ ന് ആകെ അടവാക്കേണ്ട വസ്തു നികുതി =71410+14900= 86310/-രൂപ

235എഎ(1) വകുപ്പ് പ്രകാരം അടവാക്കേണ്ട വസ്തു നികുതി =(71410+14900)*3=258930/-രൂപ

സഞ്ചയ പ്രകാരം 2019-20 ൽ അടവാക്കിയ വസ്തു നികുതി =69410/-രൂപ

2019-20 വർഷം 235എഎ(1) വകുപ്പ് പ്രകാരം അടവാക്കേണ്ട ബാക്കി വസ്തു നികുതി
= 258930 - 69410= 1,89,520/-രൂപ

235എഎ(5) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും (3-ം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 235 ഡബ്ലിയു വകുപ്പ് പ്രകാരമുള്ള നടപടിക്ക്

വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും, അപ്രകാരം ഗ്രാമപഞ്ചായത്ത് ഏതെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുനപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മേൽ കെട്ടിടത്തിൻ മേൽ തുടർ നടപടി സ്വീകരിക്കുന്നത് വരെ 235എഎ(1) വകുപ്പ് പ്രകാരം 2,58,930/- രൂപ പ്രതിവർഷം കെട്ടിട നികുതിയിനത്തിൽ ഈടാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓാഡിറ്റ് എൻക്വയറി നം. 17/10.01.2022

ഓാഡിറ്റ് എൻക്വയറി നം. 23/ 12.01.2022

ഓഡിറ്റ് റിക്വസിഷൻ 1/12.01.2022.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടാറിങ്/റീടാറിഗ് പ്രവർത്തികളുടെ ബിൽ തുകയിൽനിന്നും ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല - 19,670/-രൂപായുടെ നഷ്ടം

2019-20 വർഷത്തിൽ നടപ്പിൽ വരുത്തിയ ചുവടെ ചേർക്കുന്ന ടാറിങ്/റീടാറിഗ് പ്രവർത്തികൾക്ക് അംഗീകൃത എസ്റ്റിമേറ്റ് പ്രകാരം Packed Bitumen Rate അനുവദിച്ചു നൽകിയിരുന്നെങ്കിലും, ഒഴിഞ്ഞ ബാരലിന്റെ വില തിരികെ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ പ്രോജക്ട് നമ്പർ | ഉപയോഗിച്ച് ബിറ്റുമിൻ ഇനം/അളവ് | ആകെ ബാരലുകളുടെ എണ്ണം | തുക (₹) (@281/-) | കരാറുകാരൻ |
|---|---|---|---|---|---|
| 1 | ജനത ജംഗ്ഷൻ-ആലവിള മണികണ്ഠൻ ചിറ റോഡ് റീടാറിംഗ് SO175/19-20 | S65-5218kg, RS1-472kg | 36 | 10,116/- | ശ്രീ.അഫ്സൽ.ആർ |
| 2 | ശാലേംപുരം-തച്ചക്കോട് പടി റോഡ് റീടാറിംഗ് SO194/19-20 | S65-2093kg, RS1-202kg | 14 | 3,934/- | ശ്രീ.ബേബിതോമസുകുട്ടി |
| 3 | ആദംകോട് കടവ് റോഡ് റീടാറിംഗ് &സൈഡ് കോൺക്രീറ്റ് SO158/19-20 | S65-2880kg, RS1-270kg | 20 | 5,620/- | ശ്രീ.എം.എസ് സുദീശൻ |

ഈ ഇനത്തിൽ, മേൽ പരാമർശിച്ച പ്രകാരം 19,670/-രൂപായുടെ നഷ്ടം പഞ്ചായത്തിനുണ്ടായതായി ഓഡിറ്റ് കണക്കാക്കുന്നു. അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4 തീയതി 05.01.2002) മറുപടിയായി ടാറിങ് പ്രവർത്തികളിൽ ഉപയോഗിക്കുന്ന ടാറിന് അധിക തുക നൽകുന്നതിനുള്ള പ്രോജക്ട് നിലവിലുണ്ട് എന്നും, മേൽ പരാമർശ പദ്ധതികളുടെ കരാറുകാർക്ക് അധികതുക നൽകുന്ന സന്ദർഭത്തിൽ 19,670/-രൂപ തിരികെ ഈടാക്കുന്നതാണെന്നും പദ്ധതിനിർവഹണാധികാരിയായ അസിസ്റ്റന്റ് എൻജിനീയർ വിശദീകരിക്കുന്നു. 19-20 വർഷത്തിൽ അവസാന ബിൽ നൽകിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുകകൾ ഇനി ഒരു സന്ദർഭത്തിൽ ഈടാക്കുന്നതാണെന്ന പദ്ധതിനിർവഹണാധികാരിയുടെ വിശദീകരണം ഓഡിറ്റ് അംഗീകരിക്കുന്നില്ല. 19,670/- രൂപ പദ്ധതി നിർവഹണ അധികാരിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തി, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 4/05.01.2022.

ഓഡിറ്റിൽ അംഗീകരിക്കാത്ത തുക – 19,670/-രൂപ .

3-2 തെരുവ് വിളക്ക് പരിപാലനം - കരാർ പ്രകാരമുള്ള തുകയിലും അധികം നല്കി

കരാർ പ്രകാരമുള്ള തുകയിലും അധികം നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 148/20 സ്ട്രീറ്റ് ലൈറ്റ്മെയിന്റനൻസ് പുതിയത് സ്ഥാപിക്കലും സാധനസാമഗ്രികൾ വാങ്ങലും.<br>(2018-19ലെ 72/19 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പുതിയത് സ്ഥാപിക്കലും സാധനസാമഗ്രികൾ വാങ്ങലും.) |
| അടങ്കൽ തുക | 3,55,466/-രൂപ<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് 3,55,062/-രൂപ,<br>തനതു ഫണ്ട്- 404/-രൂപ) |
| ചെലവഴിച്ച തുക | 3,44,020/-രൂപ<br>(ബിൽ നം. 2/14-6-19, തുക - 1,68,399/-രൂപ,<br>ബിൽ നം. 6/3-8-19, തുക - 1,75,621/-രൂപ) |

2018-19 ലെ 72/19 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പുതിയത് സ്ഥാപിക്കലും സാധനസാമഗ്രികൾ വാങ്ങലും എന്ന പദ്ധതിയുടെ ഭേദഗതിയില്ലാത്ത സ്പിൽ ഓവർ പദ്ധതിയായാണ് 2019-20ൽ മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 2018-19 ൽ 15,00,000/- രൂപ അടങ്കൽ തുകയിൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 7,90,540/-രൂപ, തനതു ഫണ്ട് 7,09,460/-രൂപ) അംഗീകരിച്ച നടപ്പിലാക്കിയ പദ്ധതിയിൽ 2018-19 ൽ 11,44,534/- രൂപ ചെലവഴിച്ചിരുന്നു. (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 4,35,478/-രൂപ, തനതു ഫണ്ട് 7,09,056/-രൂപ).

മേൽ പദ്ധതിക്കു വേണ്ടി 2018-19ൽ ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ തുകയായ 14,05,300/-രൂപ (ലേബർ ചാർജ് 4,99,550/-രൂപ, സ്ട്രീറ്റ് ലൈറ്റുപകരണങ്ങൾ 9,05,750/-രൂപ) രേഖപ്പെടുത്തിയ എ.എം.ആർ ഫർണീച്ചർ, പത്തനാപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 22-11-18ലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് സാധനസാമഗ്രികൾ വാങ്ങലും മെയിന്റനൻസും ഉൾപ്പെടെ 14,05,300/- രൂപയ്ക്ക് 2018 നവംബർ 27 മുതൽ 2019 നവംബർ 26 വരെയുള്ള ഒരു വർഷകാലയളവിലേക്കായിരുന്നു ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടിരുന്നത്.

കരാർ കാലയളവിൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 14,88,554/- രൂപയിൽ 2018-19 വർഷം സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവഴിച്ച 9,35,093/- രൂപയും, ലേബർ ചാർജിനത്തിൽ 2018-19ൽ ചെലവഴിച്ച 2,09,441/-രൂപയും 2019-20ൽ 3,44,020/- രൂപയും ഉൾപ്പെട്ടിട്ടുണ്ട്. അംഗീകരിച്ച കരാറിൽ നിന്നും വ്യതിചലിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിനായി 29,343/- രൂപയും (935093-905750) ലേബർ ചാർജിനത്തിൽ 53,911/-രൂപയും (553461-499550) അധികം ചെലവഴിച്ചതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അംഗീകരിച്ച ടെണ്ടറിൽ നിന്നും അധികമായി ചെലവഴിച്ച 83,254/- (29343+53911) രൂപയുടെ ചെലവ് നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്നും തുക ഈടാക്കി യഥാഫണ്ടിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം 9/6-1-22.

നിരാകരിക്കുന്ന തുക 83,254/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 06-01-2022 | കെ.എസ്.എ/കെ.എൽ.എം-പി-9/80/2022<br>തീയതി 02/06/2022 |

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 (നീക്കിയിരുപ്പ്) | 6,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (26) | 0/- | 6,000/- |
| | 2018-19 (നീക്കിയിരുപ്പ്) | 7,14,977/- | ലൈഫ് ഭവന നിർമ്മാണം (160) | 1,60,000/- | 5,54,977/- |
| | 2019-20 | 1,63,000/- | അനുപൂരക പോഷകാഹാര പരിപാടി (24) | 1,63,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18, 2018-19 (നീക്കിയിരുപ്പ്) 60,125/- 2019-20 ലഭിച്ച തുക 94,000/- ആകെ നീക്കിയിരുപ്പ് 1,54,125/- | 154125 | ശാരീരിക മാനസിക വെല്ലുവിളി നേടുന്നവർക്ക് സ്കോളർഷിപ്പ്(26) | 94,000/- | 60,125/- |

| | | | | | |
|---|---|---|---|---|---|
| | 2018-19 (നീക്കിയിരുപ്പ്) 40,000/- 2019-20 ലഭിച്ച തുക 12,51,396/- ആകെ നീക്കിയിരുപ്പ് 12,91,396/- | 12,91,396/- | ലൈഫ് ഭവന നിർമ്മാണം (48) | 1,20,000/- | 11,71,396/- |
| | 2019-20 | 1,91,543/- | പാലിന് സബ്സിഡി (42) | 1,91,543/- | 0 |
| | | 1,72,000/- | അനുപൂരക പോഷകാഹാര പരിപാടി (24) | 1,33,974/- | 38,026/- |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4,23,64,785/-രൂപ വരവുണ്ട്. മുൻബാക്കി 22,20,000/-രൂപയടക്കം 4,45,84,785/-രൂപയിൽ 4,45,78,785/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി ലോൺ (ലൈഫ്) | സ.ഉ (എം.എസ്) 111/18 / 13.08.2018 | 27,66,000/- | 13,72,00,000/- | 12,05,882/- | 0 | 1,52,80,118/- |

| | | | | | | |
|---|---|---|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | | 3,95,98,785/- | 0 | 0 | | 3,95,98,785/- |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹25,19,940/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹1,81,436/- |
| ആകെ | ₹27,01,376/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹27,01,376/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം | 13/6/2018 | 1 വർഷം | 17,58,758/- | |
| 2. | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊല്ലം | 13/6/2018 | 1 വർഷം | 1,54,954/- | |
| 3. | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് | 13/6/2018 | 1 വർഷം | 7,87,664/- | |
| | | | ആകെ | 2701376/- | |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,758/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2006-07 | 2-3(സി) | 390/- | ശ്രീമതി. ലിസി ഫിലിപ്പ്<br>ശ്രീമതി. കുഞ്ഞമ്മ<br>ശ്രീമതി. വത്സമ്മ | 120/- 119070101655-07/06/19<br>150/- 119070101657-07/06/19<br>150/- 119070101658-07/06/19 |
| 2006-07 | 3-10 | 250/- | ശ്രീ.അജിത് കുമാർ, സീനിയർ ക്ലർക്ക് | 119070101659-07/06/19 |
| 2006-07 | 3-1 | 1556/- | സെക്രട്ടറി | 119070101661-07/06/19 |
| 2010-11 | 3-13 | 562/- | ശ്രീ. ആർ സുനിൽ കുമാർ കൃഷി ഓഫീസർ | 119070101662-07/06/19 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4,309/- | - | ശ്രീ. എം എസ് സുരേഷ് ബാബു, സെക്രട്ടറി |
| 2-2 | 1,89,520/- | - | ശ്രീ. എം എസ് സുരേഷ് ബാബു, സെക്രട്ടറി |
| 3-1 | - | 19,670/- | ശ്രീമതി. രശ്മി. പി. നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 83,254/- | ശ്രീ. എം എസ് സുരേഷ് ബാബു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 49,000/- | ശ്രീമതി. രശ്മി. പി. നായർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 60,000/- | ഡോ.സുനിത, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പത്തനാപുരം |
| 1-28 | 1,74,888/- | ശ്രീ. എം എസ് സുരേഷ് ബാബു, സെക്രട്ടറി |
| 1-29 | 5,00,000/- | ശ്രീ. കെ എസ് ഷിബു, വെറ്റിനറി സർജൻ |
| 1-30 | 3,20,772/- | ശ്രീ. കെ എസ് ഷിബു, വെറ്റിനറി സർജൻ |
| 1-32 | 13,000/- | ശ്രീമതി. ദീപ്തി എസ്, വെറ്റിനറി സർജൻ |
| 1-33 | 8,23,680/- | ശ്രീമതി. ജലജ, ഹെഡ്മിസ്ട്രസ് |
| 1-34 | 6,20,862/- | 3,20,862/- ശ്രീ. എം എസ് സുരേഷ് ബാബു, സെക്രട്ടറി |
| | | 3,00,000/- ശ്രീമതി. അമ്പിളി ജി, ഹെഡ്മിസ്ട്രസ് |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം എസ് സുരേഷ് ബാബു, സെക്രട്ടറി | സെക്രട്ടറി, പത്തനാപുരം ഗ്രാമ പഞ്ചായത്ത് | പള്ളിശ്ശേരി വീട്, റ്റി.ബി. ജംഗ്ഷൻ, കൈരളി നഗർ, കൊട്ടാരക്കര |
| ശ്രീമതി. രശ്മി. പി. നായർ, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പുല്ലംപാറ ഗ്രാമ പഞ്ചായത്ത് | ലത നിവാസ്, മരുതൂർ വട്ടപ്പാറ പി.ഒ. |
| ശ്രീമതി. ജലജ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, പത്തനാപുരം ഗ്രാമ പഞ്ചായത്ത് | മുളപ്പം മഠത്തിൽ കിഴക്കതിൽ, പന്നിവിഴ, ആനന്ദപ്പള്ളി |
| ശ്രീമതി.അമ്പിളി ജി, ഹെഡ്മിസ്ട്രസ് | ജി.എച്ച്.എസ്.എസ്. പുയപ്പള്ളി | കിളിക്കുന്നത്ത് വീട്, നെട്ടയം, അമ്പലംകുന്ന് |
| ശ്രീ. കെ എസ് ഷിബു വെറ്റിനറി സർജൻ | നൂറനാട് വെറ്റിനറി സർജൻ | പറയമ്പിലകം, കുളതമൽ അമരവിള |
| ശ്രീമതി. ദീപ്തി എസ് | അസിസ്റ്റന്റ് പ്രോജക്റ്റ് | സൗപർണ്ണിക, |

| | | |
|---|---|---|
| വെറ്റിനറി സർജൻ | ഓഫീസർ, പത്തനാപുരം | ചെമ്പകരാമനല്ലൂർ, അഞ്ചൽ |

4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-1983 | എൽ.എഫ്.ക്യൂ.പി3/312/1996 | |
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018/ 02.03.2018 | 51 (44,48,49 വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018/ 02.03.2018 | 2-14<br>(2(12),2(13), 2-(20)2(21),2(22), 2(23) വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി 02.03.2018 | 2.6, 2.8, 2.12, 2.13, 2.14 ചെലവ് ഭാഗത്തെ എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു.<br>(2.3, 2.4, 2.7, വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 | 2.3,2.4, 3.1,3.4, 3.10, 3.13<br>(3.2, 3.8, 3.9, 3.11 വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി02.03.2018 | 2.2, 2.3, 2-5, 3.3,3.6, 3.7.<br>(2-1 3.10, 3.11വകുപ്പ്തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2003-2004 | കെ.എസ്എ.കെഎൽഎ.പി6/426/2018/ തീയതി02.03.2018 | 2-3,2-4,3-2, 3-4, 3-8, 3-9, 3-10, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-22 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 | 3-3, 3-7, (2-4, 3-4, 3-6, 3-9, 3-10 വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി6/426/2018 തീയതി 02.03.2018 | 2.2, 3.3, 3.8, 311.,3.12, 3.13, 3.15, 3.16, 3.183.21<br>(3.4,3.5,3.14, 3.17, വകുപ്പ് തല നടപടികൾക്ക് ശിപാർശ ചെയ്തിരിക്കുന്നു) |
| 2006-2007 | എൽ.എഫ്.ക്യൂ പി6//810/2018 തീയതി 01.02.2011 | എല്ലാ ഖണ്ഡികകളും |
| 2007-2008 | എൽ.എഫ്.ക്യൂ പി6/458/2010തീയതി 18.08.2011 | എല്ലാ ഖണ്ഡികകളും |
| 2008-2009 | എൽ.എഫ്.ക്യൂ പി6/939/2011 തീയതി29.12.2011 | എല്ലാ ഖണ്ഡികകളും |
| 2009-2010 | എൽ.എഫ്.ക്യൂ പി6/1076/2012 തീയതി. 08.04.2013 | എല്ലാ ഖണ്ഡികകളും |
| 2010-2011 | എൽ.എഫ്.ക്യൂ പി6/1913(2)/2014തീയതി 24.10.2014 | എല്ലാ ഖണ്ഡികകളും |
| 2011-2012 & 2012-2013 | എൽ.എഫ്.ക്യൂ.പി6/2422/4.4.2014 | എല്ലാ ഖണ്ഡികകളും |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി6-261/17/14.2.17 | എല്ലാ ഖണ്ഡികകളും |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം.പി9/357/2018 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| | തീയതി 04.08.2018 | |
| 2016-2017 | കെ.എസ്.എ.കെ.എൽ.എം.പി9/1253/2017 തീയതി 16.05.2018 | എല്ലാ ഖണ്ഡികകളും |
| 2017-2018 | കെ.എസ്.എ.കെ.എൽ.എം.പി9/1708/2018 തീയതി 11.12.2018 | എല്ലാ ഖണ്ഡികകളും |
| 2018-2019 | കെ.എസ്.എ.കെ.എൽ.എം.പി9//312/20 തീയതി 09/07/2021 | 1-33 ഒഴിച്ചുള്ള എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

അനുബന്ധം 3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം